# താമരമൊട്ടുകൾ

വാല്യം 22 | ജൂലൈ 2020 | ലക്കം 07 | Price ₹ 25



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-06-2020 |




വി. അൽഫോൻസാമ്മേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ....

Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.



# Quotes of St. Alphonsa

- "I desired to be ever faithful to Jesus. I would rather die than break this promise".
- "I had aspired zealously to become a saint. I felt that burning desire after reading the autobiography of St. Little Teresa of Lisieux".
- "I have love towards everyone. It is impossible for me to hate anyone".
- "My Jesus is sufficient for me. I don't want anything else".
- "It is my strong faith that nothing shall ever happen to me without the knowledge of my Jesus".
- "I have completely abandoned myself to Jesus. Let Him do with me what He wills".
- "Humility is the queen of all virtues. I consider all occasions to humble myself as a great fortune".
- "Smile is a wick of light. I shall gaze upon gloomy faces and smile graciously to them".
- "It is the 'Woman beneath the Cross' who held me steadfast in my love to my Spouse in times of severe pain and tribulations".

വാല്യം 22 താമരമൊട്ടുകൾ ജൂലൈ 2020 ലക്കം 07

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും".

(അപ്പ. 16:31)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 266 |
| 2. | പ്രോഗ്രാം ജൂലൈ 2020 | 268 |
| 3. | ഇടയലേഖനം | 269 |
| 4. | യുവജനദിനം | 278 |
| 5. | കച്ചേരിക്കാര്യം | 282 |
| 6. | സ്നേഹ ഗായകനായ അജപാലകൻ | 289 |
| 7. | പുഞ്ചിരിയിലൂടെ മറ്റുള്ളവരിലേക്ക് കുടിയേറിയ ജേക്കബ് പുത്തൻപുര അച്ചൻ | 291 |
| 8. | സെമിനാരി വാർത്തകൾ | 293 |
| 9. | മതബോധനം | 297 |
| 10. | കെ.സി.വൈ.എം | 302 |
| 11. | ആദരാഞ്ജലികൾ | 311 |
| 12. | ആൽഫ മരിയ അക്കാദമി | 313 |
| 13. | കരിസ്മാറ്റിക് മൂവ്മെന്റ് | 314 |
| 14. | മലബാർ ലേബർ മൂവ്മെന്റ് | 315 |
| 15. | അജപാലനക്കുറിപ്പുകൾ | 316 |

# Birth Day Greetings

Rev. Fathers

| | | | |
|---|---|---|---|
| | Kappil Joseph | July | 6 |
| | Iykolambil Kuriakose | | 7 |
| | Mundakal Chacko | | 9 |
| | Vayalil Abraham | | 9 |
| | Pallickavayalil John | | 12 |
| | Ezhanikattu Vincent | | 13 |
| | Pulickal Sebastian | | 14 |
| | Kavilpurayidathil Abraham | | 17 |
| | Njavallil Jose | | 17 |
| | Kizhakeveettil Jacob | | 19 |
| | Pookulam Sebastian | | 23 |
| | Puramadathil Kurian | | 23 |
| | Choorapoikayil Mathew | | 24 |
| | Puthenpura Paul | | 25 |
| Bp. | Remigiose Inchananiyil | | 26 |
| Rev. Fathers | Embrayil Sebastian (Jr) | | 28 |
| | Moolechalil Varghese | | 29 |
| | Kadaplackal Thomas | | 31 |
| | Mangalamadathil Mathew | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Chakkittamuriyil Thomas (Sr) | July | 3 |
| Chakkittamuriyil Thomas (Jr) | | 3 |
| Chuvappunkal Thomas | | 3 |
| Chilambikunnel Thomas | | 3 |
| Eyyalil Thomas | | 3 |
| Kadaplackal Thomas | | 3 |
| Kalarickal Thomas | | 3 |
| Kalapurackal Thomas | | 3 |
| Kochuparambil Thomas | | 3 |
| Kochukaipayil Thomas | | 3 |
| Kochumuriyil Thomas | | 3 |
| Kochumannarath Thomas Joseph Ofm | | 3 |
| Kannampally Thomas | | 3 |
| Malapravanal Thomas | | 3 |
| Nagaparambil Thomas | | 3 |
| Parankulangara Thomas | | 3 |
| Poriyath Thomas | | 3 |
| Puthiyaparambil Thomas | | 3 |
| Thevadiyil Thomas | | 3 |
| Vattottutharappel Thomas | | 3 |
| Chennamkulath Benedict | | 11 |
| Chemplani Kuriakose | | 15 |
| Iykolambil Kuriakose | | 15 |
| Pulickal Sibi Kurian | | 15 |
| Puramadathil Kurian | | 15 |
| Thalachirakuzhy Kurian | | 15 |
| Thannickal Kurian | | 15 |
| Thayyil Kurian | | 15 |
| Panachickal Alex | | 17 |
| Areethara Jacob | | 25 |
| Cherickal James | | 25 |
| Kappalumackal Jacob | | 25 |
| Karakunnel Jacob | | 25 |
| Kiliananickal James | | 25 |
| Kizhakeveettil Jacob | | 25 |
| Kothanickal Chakko | | 25 |
| Koothur Jacob | | 25 |
| Kuzhimattathil James | | 25 |
| Mundackal Chacko | | 25 |
| Plakkoottathil Jacob | | 25 |
| Pulthakidiyil James | | 25 |
| Puthenpurackal Jacob | | 25 |
| Vallikunnel James | | 25 |
| Vamattathil James | | 25 |

**Mar Remigiose Inchananiyil**


ജൂലൈ 26-ാം തീയതി ജന്മദിനം ആഘോഷിക്കുന്ന
മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്
രൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാമംഗളങ്ങൾ!

# പ്രോഗ്രാം ജൂലൈ 2020

| | | |
|---|---|---|
| 03 | വെള്ളി | **ദുക്റാന** - കടമുള്ള ദിവസം |
| 16 | വ്യാഴം | **കർമ്മലമാതാവ്** |
| 18 | ശനി | ചരമദിനം: ഫാ. ഫിലിപ്പ് പ്ലാത്തോട്ടം (2010) |
| 23 | വ്യാഴം | ചരമദിനം: ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ (2019) |
| 25 | ശനി | **വി. യാക്കോബ് ശ്ലീഹാ** |
| 26 | ഞായർ | **ജന്മദിനം - മാർ റെമീജിയോസ് ഇഞ്ചനാനിയിൽ** |
| 27 | തിങ്കൾ | ചരമദിനം: ഫാ. മാത്യു പൊയ്യക്കര (2008) |
| 28 | ചൊവ്വ | **വി. അൽഫോൻസ, രൂപതാമദ്ധ്യസ്ഥ** |
| 30 | വ്യാഴം | ചരമദിനം: ഫാ. ജോസ് മണിമലത്തറപ്പിൽ (2012) |
| 31 | വെള്ളി | **വി. ഇഗ്നേഷ്യസ് ലയോള** |



Prot. No. 0714/2020

# ഇടയലേഖനം

## സഭാദിനം ജൂലൈ 3, 2020

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹ ശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!**

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മാർതോമാശ്ലീഹായുടെ ദുക്റാനാതിരുനാൾ ദിനമായ ജൂലൈ മൂന്ന് ഒരിക്കൽ കൂടി സമാഗതമാകുന്നു. ഈ ദിവസം നാം സീറോമലബാർ സഭാദിനമായും ആഘോഷിക്കുകയാണല്ലോ. ദുക്റാനാ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തിന്റെ തിരുനാളാണ്. വിശ്വാസത്തിന്റെ കൈമാറ്റം വഴിയാണ് നാം മാർതോമാശ്ലീഹായോട് ബന്ധപ്പെട്ടിരിക്കുന്നതും അദ്ദേഹത്തെ നമ്മുടെ പിതാവായി മഹത്വപ്പെടുത്തുന്നതും. ഉത്ഥിതനായ ഈശോയുടെ തിരുവിലാവ് ദർശിച്ച തോമാശ്ലീഹായുടെ 'എന്റെ കർത്താവേ, എന്റെ ദൈവമേ' (മാറ് വാലാഹ്) എന്ന ഉദീരണം സുവിശേഷങ്ങളിൽ ഏറ്റവും വലിയ വിശ്വാസ പ്രഖ്യാപനമായി നിലകൊള്ളുന്നു. 'കർത്താവേ', ദൈവമേ' എന്ന രണ്ടുവിളികളും ഈശോയുടെ ദൈവത്വത്തെ സൂചിപ്പിക്കുന്നവയാണ്. മനുഷ്യനായി ജീവിച്ചു മരിച്ച് ഉത്ഥാനം ചെയ്ത ഈശോ ദൈവവുമാണ് എന്ന പ്രഖ്യാപനമാണ് തോമാശ്ലീഹ നടത്തിയത്. ഇതിനുസമാനമായ വി. പത്രോസ് ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം, 'നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു' എന്നതായിരുന്നു. പത്രോസിന്റെ ഈ പ്രഖ്യാപനം കർത്താവിന്റെ പരസ്യജീവിത ത്തിന്റെ മധ്യത്തിലായിരുന്നു; തോമാശ്ലീഹായുടേത് ഈശോയുടെ ഉത്ഥാനത്തിനുശേഷവും. ഉത്ഥാനശേഷം വി. പത്രോസ് നടത്തിയത്

ഈശോയോടുള്ള സ്നേഹത്തിന്റെ പ്രഖ്യാപനമായിരുന്നു. ഈ സ്നേഹപ്രഖ്യാപനത്തിൽ ഉത്ഥിതനായ മിശിഹായിലുള്ള വി. പത്രോസിന്റെ പൂർണമായ വിശ്വാസസമർപ്പണവും ഉൾക്കൊ ണ്ടിരുന്നു. വിശ്വാസത്തിന്റെ സഫലീകരണമാണ് സ്നേഹം. സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണു നമ്മെ രക്ഷിക്കുന്നതെന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. തോമാശ്ലീഹായിലൂടെ കൈമാറിക്കിട്ടിയ വിശ്വാസം സ്നേഹത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ സാക്ഷ്യപ്പെടുത്തുന്ന ഒരു സമൂഹമാണ് നമ്മുടേത്. കൊറോണ ബാധയുടെ ഈ കാലത്ത് അതു കൂടുതൽ സജീവമാക്കുവാൻ ദൈവം നമുക്ക് അവസരം നൽകിയിരിക്കുന്നു.

### ജീവിത നവീകരണം

കൊറോണക്കാലം പല ജീവിതനവീകരണ സാധ്യതകളും നമുക്ക് തുറന്നു നൽകിയിട്ടുണ്ട്. കാലങ്ങളായി സഭ ചിന്തിച്ചു കൊണ്ടിരുന്നതുംപലതലങ്ങളിൽ നിന്നും ഉന്നയിക്കപ്പെട്ടിരുന്ന തുമായ ജീവിതലാളിത്യം സ്വീകരിക്കുവാനുള്ള ആവശ്യബോധം ഇന്ന് നമുക്കുണ്ടാകുന്നു. ഈ വർഷവും അടുത്ത വർഷങ്ങളും നമ്മെ സംബന്ധിച്ചിടത്തോളം എല്ലാ തലങ്ങളിലും ചെലവു ചുരുക്കലിന്റെ കാലമായിരിക്കണം. ധൂർത്തും ആർഭാടവും നമ്മുടെ ജീവിതശൈലിയിൽ നിന്ന് അകലണം. ഉടനേ പുതിയ നിർമ്മാണ പദ്ധതികൾ ആസൂത്രണം ചെയ്യാതിരിക്കണം. ഇടവകകളും സ്ഥാപനങ്ങളും തുടങ്ങിവച്ചിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ സാവകാശം പൂർത്തിയാക്കിയാൽ മതി എന്ന സംയമനമനോഭാവം നമുക്കുണ്ടാകണം. നിർബന്ധിത പണപ്പിരിവുകൾ നടത്താതിരി ക്കാൻ നമുക്കു തീരുമാനമെടുക്കാം. ഒരുവിധ സമ്മർദ്ദവുമില്ലാതെ ജനങ്ങൾ സ്വമേധയാ നൽകുന്ന നേർച്ചകളും സംഭാവനകളും മാത്രം വിനിയോഗിച്ചുകൊണ്ട് സഭാ കൂട്ടായ്മയുടെ ആവശ്യങ്ങൾ നമുക്കു നിർവഹിക്കാം. സഭാശുശ്രൂഷകളുടെയും ധ്യാനപ്രസംഗ ങ്ങളുടെയുംതിരുനാളുകളുടെയും ലക്ഷ്യം ധനസമ്പാദനമാണ് എന്ന തെറ്റിദ്ധാരണ ജനിപ്പിക്കുന്ന പരസ്യങ്ങളും ആഘോഷ ങ്ങളും നമുക്കു നിറുത്തലാക്കാം. വ്യക്തിപരമായ നേട്ടങ്ങൾക്കും പ്രശസ്തിക്കും വേണ്ടിനിർമ്മാണങ്ങളും പരിപാടികളും ആസൂത്രണം ചെയ്യുന്നത് ഉചിതമല്ല. സഭയിലെ ആവശ്യങ്ങളുടെ

നിർവഹണം സഭാ മക്കളുടെ കൂട്ടായ്മയുടെ പൊതുവായ ആത്മീയചിന്തയിൽ നിന്ന് ഉയിർകൊള്ളുന്നതാകട്ടെ.

വ്യക്തികളും സഭാ സംവിധാനങ്ങളും ആവശ്യത്തിൽ കവിഞ്ഞ സമ്പത്ത് സ്വരുക്കൂട്ടിവയ്ക്കുന്ന പ്രവണത ഉപേക്ഷി ക്കണം. ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ സഭയുടെ മുഖം ദരിദ്രമാകട്ടെ. സഭ പാവപ്പെട്ടവരുടേതാകട്ടെ. സഭയുടെ സമ്പത്ത് ദൈവജനമാണ്. സഭയുടെ അത്യാവശ്യങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടി യഥാസമയം വേണ്ടത് നൽകുവാൻ തക്ക വിശ്വാസതീക്ഷ്ണത നമ്മുടെ സഭാമക്കൾക്കുണ്ട്. സഭ തങ്ങളുടേതാണെന്നും തങ്ങളാണ് സഭയെന്നും സഭാശുശ്രൂഷക രുടെ ന്യായമായ ആവശ്യങ്ങൾ നിർവഹിക്കുവാൻ തങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്നും നമ്മുടെ ജനം മനസ്സിലാക്കി പ്രവർത്തി ക്കുന്ന ഒരു കൂട്ടായ്മയുടെ ശൈലി സഭയിൽ സംജാതമാകട്ടെ. ദൈവസ്നേഹപ്രേരിതമായ കാരുണ്യപ്രവർത്തനങ്ങളായിരി ക്കണം സഭയുടെ മുഖമുദ്ര. വിദ്യാഭ്യാസം, ആതുര ശുശ്രൂഷ, സാമൂഹ്യക്ഷേമം എന്നീ മേഖലകളിലെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും കാരുണ്യസ്പർശംകൊണ്ട് ഉത്തമ ക്രൈസ്തവ സാക്ഷ്യങ്ങളായിത്തീരട്ടെ. കോവിഡുകാലത്ത് ഇടവകകളും സ്ഥാപനങ്ങളും രൂപതകളുടെ സാമൂഹ്യക്ഷേമ വിഭാഗങ്ങളും മറ്റ് സംഘടനകളും ചെയ്യുന്ന നിസ്തുലമായ സേവനങ്ങൾക്ക് ഞാൻ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

### കൊറോണക്കാലത്തെ ആരാധനാകർമ്മങ്ങൾ

2020 കോവിഡുവർഷമായിലോകചരിത്രത്തിൽ അറിയ പ്പെടുമെന്ന് തോന്നുന്നു. ഈ വർഷാവസാനം വരെയെങ്കിലും കൊറോണ വൈറസിന്റെ ആക്രമണം ലോകജനതയ്ക്കു നേരിടേണ്ടിവരും. അതിനാൽ രോഗത്തിന്റെ സമൂഹവ്യാപനം ഏതുവിധേനയും തടയേണ്ടത് മനുഷ്യവംശത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്. ഈ ഉത്തരവാദിത്വബോധം എല്ലാവരിലുമുണ്ടാ കുവാൻ നാം കഠിനമായി പരിശ്രമിക്കണം. മനുഷ്യജീവിതത്തെ സാധാരണ ഗതിയിലാക്കിക്കൊണ്ടുതന്നെ രോഗനിയന്ത്രണം സാധിക്കുക എന്ന നയമാണ് ഈ രണ്ടാം ഘട്ടത്തിൽ രാജ്യങ്ങ ളെല്ലാം സ്വീകരിച്ചിരിക്കുന്നത്.നമ്മുടെ രാജ്യവും ഇതേ സമീപനമാ ണല്ലോ

സ്വീകരിച്ചിരിക്കുന്നത്. അതിനാൽ, ലോക്ഡൗണിൽ ഇളവുകൾ ക്രമാനുഗതമായി നൽകപ്പെടുന്നു. വ്യാപാരസ്ഥാപ നങ്ങൾ, ഫാക്ടറികൾ, സർക്കാർ ഓഫീസുകൾ മുതലായവ ഏതാണ്ട് പൂർണ്ണതോതിൽ തുറന്നു പ്രവർത്തിക്കുവാൻ ആരംഭിച്ചു. സ്വകാര്യ വാഹനഗതാഗതം ഏറെക്കുറെ പൂർണ്ണതോതിൽ ആയി. നിർമ്മാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണമില്ല. ജൂൺ 09 മുതൽ ആരാധനാലയങ്ങൾ തുറന്ന് പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നതിന് അനുമതിയും സർക്കാർ നൽകിയിട്ടുണ്ട്. എന്നാൽ, ഇളവുകളെല്ലാം അനുവദിക്കുമ്പോഴും രോഗവ്യാപനം തടയുന്നതിനുള്ള കർശനമായ നിബന്ധനകളും സർക്കാരുകൾ നൽകുന്നുണ്ട്. സഭാമക്കളായ നാമെല്ലാവരും അവയെല്ലാം കണിശമായി പാലിച്ച് രാജ്യത്തിന്റെ പൊതുനന്മയ്ക്കായി പ്രവർത്തിക്കുവാൻ പ്രതിജ്ഞാബദ്ധരാകണം.

ദൈവാലയത്തിലെ കർമ്മങ്ങൾക്ക് അനുമതി ലഭിച്ചുവെന്ന തിന്റെ പേരിൽ എല്ലാവരും എപ്പോഴും ആരാധനാകർമ്മങ്ങളിൽ സംബന്ധിക്കുവാൻ തിടുക്കം കൂട്ടുന്നത് ഈ സാഹചര്യത്തിൽ ശരിയാകില്ല. ഇപ്പോൾ തുറന്നുപ്രവർത്തിക്കുന്ന ദൈവാലയങ്ങൾക്ക് നിബന്ധനകൾ പാലിച്ചുകൊണ്ട് അതേ രീതി തുടരാം. ഇതുവരെയും ആരാധനാശുശ്രൂഷകൾ പുനരാരംഭിക്കാത്ത ദൈവാലയങ്ങളിൽ അവ തുടങ്ങുമ്പോഴും രോഗ വ്യാപന നിയന്ത്രണത്തിനുവേണ്ട മുൻകരുതലുകൾ എടുത്തേ തീരൂ. ഈ വിഷയത്തിൽ നമുക്ക് യാതൊരുവിധ ഉദാസീനതയും ഉണ്ടാകരുത്. രോഗവ്യാപനത്തിന്റെ പുതിയ സാധ്യതകൾ എവിടെയെങ്കിലുമു ണ്ടെന്നറിഞ്ഞാൽ, ആരാധനാലയങ്ങൾ വീണ്ടും അടച്ചുകൊണ്ട് വൈദികരും ജനങ്ങളും ഉത്തരവാദിത്വബോധത്തോടെ പ്രതികരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.പൊതുസമൂഹം സാധാരണ ജീവിതശൈലിയിലേയ്ക്ക് വരുന്നതോടൊപ്പം സഭാമക്കളുടെ കൗദാശികജീവിതം ക്രമേണ സാധാരണഗതിയി ലേയ്ക്ക് വരണമെന്നതാണ് നമ്മുടെ ലക്ഷ്യം.

## ആദ്ധ്യാത്മികതയുടെ പുതിയ മാനങ്ങൾ

ആത്മീയതയ്ക്കു വിരുദ്ധമായി നമ്മുടെ ജീവിതത്തിൽ കടന്നു കൂടിയ സമീപനങ്ങളെയും പ്രവർത്തനങ്ങളെയും ഉപേക്ഷിച്ചു സംശുദ്ധമായ

ക്രൈസ്തവസാക്ഷ്യം നൽകുവാൻ കോവിഡു കാലത്തിന്റെ അനുഭവം നമ്മെ കൂടുതൽ പ്രേരിപ്പിക്കണം. സഭയിൽ നേതൃത്വശുശ്രൂഷയിലുള്ള വൈദികരും സമർപ്പിതരും അൽമായരും ശരിയായ ക്രൈസ്തവസാക്ഷ്യം നൽകുന്നതിൽ ദത്തശ്രദ്ധരാ യിരിക്കണം. ലോക്ഡൗൺ കാലത്ത് വീടുകളിൽ കഴിഞ്ഞിരു ന്നതുകൊണ്ട് കൂടുതൽ വ്യക്തിപരമായി പ്രാർത്ഥിക്കുവാനും കുടുംബപ്രാർത്ഥന ക്രമമായി ചൊല്ലുവാനും ഏവർക്കും സാധിച്ചുവല്ലോ. ഓൺലൈൻ കുർബാനയർപ്പണങ്ങളിലും ഭക്തിപൂർവ്വം സംബന്ധിക്കുവാൻ സാധിച്ചു. ഈ പ്രാർത്ഥനാ നുഭവത്തോടൊപ്പം കുട്ടികളുടെ വിശ്വാസപരിശീലനവും ഓൺലൈനിൽ നടന്നുകൊണ്ടിരി ക്കുകയാണല്ലോ. മുതിർന്ന വർക്കും വിശ്വാസ വിഷയങ്ങളിൽ കൂടുതൽ അവബോധം ഉണ്ടാകുന്നതിന് ഈ അവസരത്തെ പ്രയോജനപ്പെടു ത്താവുന്നതാണ്.

വിശ്വാസജീവിതത്തിന് നിരക്കാത്ത എല്ലാ പ്രവണതകളെയും നമ്മിൽ നിന്ന് അകറ്റുവാൻ പരിശ്രമിക്കാം. മദ്യപാനം, ലഹരിമരുന്നുകളുടെ ഉപയോഗം, മനുഷ്യജീവന് എതിരെയുള്ള അക്രമങ്ങൾ, സാമൂഹ്യ മാധ്യമങ്ങളിലൂടെയും അല്ലാതെയും മറ്റുള്ളവരുടെ സ്വകാര്യതയ്ക്കെതിരെയുള്ള കടന്നുകയറ്റം, ഇതരർക്ക് അപകീർത്തി വരുത്തുന്ന പ്രചരണങ്ങൾ, ലൈംഗിക തയുടെ എല്ലാത്തരത്തിലുമുള്ള ദുരുപയോഗം മുതലായ തിന്മകൾക്കു വിധേയരാകാതിരിക്കാൻ നാം ജാഗ്രത പാലിക്കണം. നന്മയിൽ കൂടുതൽ വളരുന്നതുവഴിയാണ് തിന്മയെ അതിജീവി ക്കുവാൻ സാധിക്കുന്നത്. സംശുദ്ധമായ സ്നേഹവും കാരുണ്യവും നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവർത്തനങ്ങളിലും വളർത്തിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം. ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളെ കഴിയുന്നിടത്തോളം സഹായിക്കാം. പ്രവാസികൾ ഇപ്പോഴും നാട്ടിലേയ്ക്ക് തിരിച്ചുവന്നുകൊണ്ടിരിക്കുകയാണല്ലോ. അവർക്ക് ആവശ്യകമായ സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കുവാൻ സർക്കാരിനോടൊപ്പം നാം സന്നദ്ധരാകണം. പ്രവാസികളുടെ മക്കൾക്ക് ആവശ്യകമായ സ്കൂൾ-കലാലയ വിദ്യാഭ്യാസ സൗകര്യങ്ങൾ കഴിവതും ഏർപ്പെടുത്തിക്കൊടു ക്കുവാൻ സഭാസ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വത്തെ ഓർമ്മിപ്പി ച്ചുകൊള്ളട്ടെ.

വംശീയ വിവേചനം ഇന്ന് സമൂഹത്തിൽ ഭിന്നതകൾ സൃഷ്ടിക്കുന്നുണ്ട്. എക്കാലത്തുമുണ്ടായിരുന്ന ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ ലോകരാഷ്ട്രങ്ങൾക്കു സാധിച്ചിരുന്നതാണ്. എന്നാൽ അടുത്ത കാലത്ത് അതു വീണ്ടും പലപല രീതികളിൽ രംഗപ്രവേശം ചെയ്യുന്നതായിട്ട് കാണുന്നു. മനുഷ്യത്വത്തിന് നിരക്കാത്ത ഈ തിന്മയെ പൂർണ്ണമായും ഇല്ലായ്മ ചെയ്യേണ്ടത് ലോകജനതയുടെ സംസ്കാരികോന്നമനത്തിന് ആവശ്യകമാണ്. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം വംശീയ വിവേചനം നമ്മുടെ വിശ്വാസത്തിന് കടകവിരുദ്ധമാണ്. യഹൂദരെയും ഗ്രീക്കുകാരെയും സമറിയാക്കാരെയുമെല്ലാം ദേശീയ, വംശീയ വ്യത്യാസങ്ങൾ ഒന്നും കൂടാതെ ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരീസഹോദരന്മാരായി കണ്ടാണ് ഈശോ ജീവിച്ചതും പ്രസംഗിച്ചതും പഠിപ്പിച്ചതും. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, ഈശോമിശിഹായിൽ യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല (ഗലാ. 3:28). അതിനാൽ, നമ്മിൽ നിന്ന് വംശീയ വിവേചനത്തിന്റെ ചിന്തകളോ സംസാരമോ പ്രവൃത്തികളോ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തണം. എല്ലാ മനുഷ്യരെയും സഹോദരീസഹോദരന്മാരായി കണ്ട്, സഭയിലും സമൂഹത്തിലും കൂട്ടായ്മയിൽ ജീവിക്കുന്ന ഒരു സംസ്കാരം നാം വളർത്തിയെടുക്കണം.

ക്രിസ്തീയ ആദ്ധ്യാത്മികതയുടെ സാമൂഹിക മാനങ്ങളെ ക്കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്. കൊറോണക്കാലത്തും അതിനുശേഷം വരുന്ന വർഷങ്ങളിലും നാം ഉൽപ്പാദകരാകണം. വ്യക്തിപരമായും കുടുംബങ്ങളായും സമൂഹമായും നമ്മളാൽ കഴിയും വിധം രാജ്യത്തിന്റെ സമ്പദ്ഘടനയെ പരിരക്ഷിക്കുവാൻ പരിശ്രമിക്കണം. കൃഷിയാണ് പ്രഥമതപരിഗണനയർഹിക്കുന്നത്. വ്യക്തികളുടെയോ ഇടവകകളുടെയോ സ്ഥാപനങ്ങളുടെയോ രൂപതകളുടെയോ കൈവശമുള്ള എല്ലാ സ്ഥലങ്ങളിലും കൃഷിചെയ്യണം. ഒരിഞ്ചു കൃഷിഭൂമി പോലും തരിശായി കിടക്കാൻ ഇടയാകരുത്. വൈദികർ ഉൾപ്പെടെ ദൈവജനം മുഴുവനും കൃഷിപ്പണികൾക്കായി കുറെ സമയം കണ്ടെത്തണം. ഐക്യ രാഷ്ട്രസംഘടനയുടെ മുന്നറിയിപ്പു പ്രകാരം

കഴിഞ്ഞ 50 വർഷങ്ങളിൽ അനുഭവപ്പെട്ടതിലും വലിയ ഒരു ക്ഷാമം ലോകം നേരിടാൻ പോവുകയാണ്. കേരളത്തിൽ ഉൽപദിപ്പിക്കുന്നവ കൊണ്ടുതന്നെ നമുക്ക് ഭക്ഷിക്കാൻവേണ്ടവ ലഭിക്കുമെന്നാണ് വിദഗ്ദ്ധാഭിപ്രായം. ഫ്ളാറ്റുകളിലും മറ്റും താമസിക്കുന്നവർക്കു പോലും ഗ്രോബാഗുകളിലും ടെറസുകളിലും കൃഷിചെയ്യാവുന്ന താണല്ലോ. ഇടവകകളുടെയും അയൽക്കൂട്ടങ്ങളുടെയും നേതൃത്വത്തിൽ വിപണികൾ തുറന്ന് കാർഷിക വിളകൾ ന്യായ വിലയ്ക്കു എല്ലാവർക്കും ലഭ്യമാക്കുവാൻ പരിശ്രമിക്കുന്നത് കൃഷിക്കാരുടെ അഭിവൃദ്ധിക്ക് ഉപകരിക്കും. നാണ്യവിളകളെ സംബന്ധിച്ചിടത്തോളം, നമ്മുടെ രാജ്യങ്ങളിലും ഇതരരാജ്യങ്ങ ളിലും വിൽപനസാധ്യതയുള്ള വിളകളിലേയ്ക്ക് നാം കൃഷി തിരിച്ചുവിടണം. നമ്മുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസും അതോടൊപ്പം ഇൻഫാമും കൃഷിയുടെ രംഗത്ത് ജനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത് നന്നായിരിക്കും. ചെറുകിട വ്യവസായങ്ങളുടെയും ഫാക്ടറികളുടെയും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുവാൻഅവയുടെ ഉടമസ്ഥർ തീവ്രമായി പരിശ്രമിക്കണം.

കോവിഡ് കാലത്ത് വന്ന സാമ്പത്തിക മാന്ദ്യം അതിജീവി ക്കുവാൻ മേൽപ്പറഞ്ഞ അക്ഷീണ പരിശ്രമങ്ങൾ കൂടിയേ തീരു. അതോടൊപ്പം,കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുന്നോട്ട് വയ്ക്കുന്ന കോവിഡാനന്തര സാമ്പത്തികോന്നമന പ്രവർത്തന ങ്ങൾക്ക് നമുക്ക് പൂർണ്ണസഹകരണം നൽകാം. ഒരു ജനാധിപത്യ രാജ്യമെന്നനിലയിൽ പൊതുസമൂഹത്തിൽ ഉണ്ടാകാവുന്ന അഴിമതിക്കും ചൂഷണത്തി നുമെതിരെ നാമെല്ലാവരും ജാഗരൂകത യോടെ വർത്തിക്കണം. ആരും ആരെയും ചൂഷണം ചെയ്യുന്ന ആസൂത്രിതമായ പ്രവർത്തനങ്ങൾ അനുവദിച്ചുകൂടാ. അത്തരം അനീതിപരമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നറിഞ്ഞാൽ പൊതുമനസാക്ഷിയെ തട്ടിയുണർത്തി അവയെ ഉന്മൂലനം ചെയ്യുവാൻ ജനാധിപത്യപരമായ നടപടികൾ നാം സ്വീകരിക്കണം.

ഈ ചിന്തകളെല്ലാം ക്രൈസ്തവ ജീവിതത്തിനു പുതിയൊരു രൂപവും ഭാവവും നൽകുവാൻ ഈ കാലഘട്ടത്തിൽ നമ്മെ സഹായിക്കുമെന്നു കരുതുന്നു. നമ്മുടെ ആദ്ധ്യാത്മികതയുടെ ആന്തരികതലങ്ങളും വ്യക്തിപരവും കുടുംബപരവും സാമൂഹി കവുമായ തലങ്ങളും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സുവിശേഷമൂല്യങ്ങൾക്ക് അനുസൃതമാക്കാൻ കോവിഡുകാ ലത്തും കോവിഡാനന്തരകാലത്തും തീവ്രമായി പരിശ്രമിക്കാം. മിശിഹായുടെ മുഖം നമ്മുടെ സഭാജീവിതത്തിലൂടെ സമൂഹത്തിൽ പ്രകാശിതമാക്കാം. വി. തോമാശ്ലീഹായെപ്പോലെ ദൈവവും മനുഷ്യനുമായ ഈശോമിശിഹായിൽ നമ്മുടെ ജീവിതത്തെ പൂർണ്ണമായി സമർപ്പിച്ച് സഭയുടെയും സമൂഹത്തിന്റെയും സമുദ്ധാരണത്തിൽ നമുക്ക് പങ്കുചേരാം.

ദൈവമേ സ്തുതി! ഈശോയേ സ്തുതി! പരിശുദ്ധാത്മാവേ സ്തുതി!

എല്ലാവർക്കും ദുക്റാനാതിരുനാളിന്റെയും സഭാദിനത്തി ന്റെയും മംഗ ളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020–ാം ആണ്ട് ജൂൺ മാസം 17–ാം തീയതി നല്കപ്പെട്ടത്.

+ GrAlencherry

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

.......................................................................................................

NB: ഈ ഇടയലേഖനം ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നട ക്കുന്ന പള്ളികളിൽ 2020 ജൂൺ 28 – ാംതീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധി ക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

Ref: 3318/K-5/KCBC/OL/DS

# യുവജനദിനം 2020

**ജൂലൈ 5, ഞായർ**

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,
കേരള കത്തോലിക്കാസഭ 2020 ജൂലൈ 5-ാംതീയതി യുവജനദിനമായി ആചരിക്കുന്നു. കെസിബിസി യുവജനകമ്മീഷന്റെ പേരിലുള്ള എല്ലാവിധ പ്രാർത്ഥനാശംസകളും കേരളത്തിലെ എല്ലാ യുവജനങ്ങൾക്കും ഒത്തിരി സ്നേഹത്തോടെ നേരുന്നു.

കെസിബിസി യുവജനകമ്മീഷന്റെ ഭാഗമായ കെസിവൈഎം, ജീസസ് യൂത്ത്, സിഎൽസി, AICUF, മിജാർക്, യൂക്കരിസ്റ്റിയ, ഇദൈന്തെ യൂത്ത്, ബോസ്കൊ യൂത്ത് എന്നീ യുവജന സംഘടനകളിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അവരെ നയിക്കുന്ന വൈദികർ, സന്ന്യസ്തർ, ആനിമേറ്റർമാർ, ഭാരവാഹികൾ എന്നിവർക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അഭിവാദനങ്ങൾ.

2018 ഒക്ടോബർ 3 മുതൽ 28 വരെ വത്തിക്കാനിൽ നടന്ന യുവജന സിനഡിന്റെ വെളിച്ചത്തിലുള്ള 'ക്രിസ്തുസ് വിവിത്' (ക്രിസ്തു ജീവിക്കുന്നു) എന്ന പ്രബോധനരേഖയിൽ ഫ്രാൻസിസ് പാപ്പാ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നു: നിങ്ങൾ ദൈവത്തിന്റെ "ഇപ്പോൾ" ആകുന്നു. ക്രിസ്തു ജീവിക്കുന്നു... നിങ്ങൾ ജീവനുള്ളവരായിരിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു. യുവജനം സഭയുടെ ഭാവിയല്ല മറിച്ച് അവർ സഭയുടെ വർത്തമാനകാലമാണ് എന്നാണ് പാപ്പാ അർത്ഥമാക്കുന്നത്.

സഭയ്ക്കും സമൂഹത്തിനും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സാക്ഷികളാകാൻ യുവജനങ്ങളെ ഒരുക്കുക എന്നതാണ് യുവജനകമ്മീഷന്റെ മുഖ്യമായ ദൗത്യം. കേരളസഭ ഈവർഷം പ്രേഷിതവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന വേളയിൽ 'യുവത്വം, പ്രേഷിതത്വം, രക്തസാക്ഷിത്വം' എന്ന ആപ്തവാക്യത്തിൽ അടിസ്ഥാനപ്പെടുത്തിയാണ് യുവജനശുശ്രൂഷയുടെ കർമപരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നത്. ഉപവിഷയങ്ങളായി മതേതരത്വവും ഭരണഘടനാ സംരക്ഷണവും, കാരിത്താസ് സമരിറ്റൻ, കലയും സംസ്കാരവും, നവമാധ്യമസംസ്കാരം എന്നിവയും തെരഞ്ഞെടുത്തിരിക്കുന്നു.

കോവിഡ്-19 എന്ന മഹാമാരി ലോകമെമ്പാടും വ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ യുവാക്കളാണ് സഭയുടെ നട്ടെല്ല് എന്ന് അവർ തെളിയിച്ചിരിക്കുന്നു. മുൻവർഷങ്ങളിലെ ഓഖി, പ്രളയം എന്നീ ദുരന്തങ്ങളുടെ മുമ്പിൽ രക്ഷകരായി മാറിയവരിൽ യുവജനങ്ങളുടെ പങ്കും അഭിമാനത്തോടെ ഓർക്കുന്നു. കൊറോണ വൈറസ് ഭീതി വിതയ്ക്കുന്ന ഈ സമയത്ത് നമ്മുടെ യുവജനങ്ങൾ ചെയ്തതും ചെയ്യുന്നതുമായ സേവനങ്ങൾ നിരവധിയാണ്.

ലക്ഷക്കണക്കിനു മാസ്ക്കുകളുടെ നിർമ്മാണവും വിതരണവും ഭക്ഷണപ്പൊതികളുടെ വിതരണം, കമ്മ്യൂണിറ്റികിച്ചനിലെ പങ്കാളിത്തം, മരുന്നു വിതരണം, ആംബുലൻസ് സേവനം, ഹെൽപ്പ്ഡെസ്ക് രൂപീകരണം, രക്തദാനം, അവശ്യസാധനങ്ങളുടെ വിതരണം തുടങ്ങി തങ്ങളുടെ ജീവൻ പണയപ്പെടുത്തി യൗവനക്കാർ ചെയ്യുന്ന പ്രവർത്തനങ്ങളെ സഭ കാണുന്നു. ഹൃദയം തുറന്ന് അഭിനന്ദിക്കുന്നു. സർക്കാരിന്റെ നിർദേശങ്ങൾക്കനുസൃതമായി, സംസ്ഥാനതലത്തിലും രൂപതാ തലത്തിലും ഇടവകതലത്തിലും സന്നദ്ധസേനകൾ രൂപീകരിച്ചു. മനഃശാസ്ത്രകൗൺസിലിംഗ് ടീമിനെ സജ്ജമാക്കി. പ്രവാസികളുമായി നിരന്തരം ആശയവിനിമയം നടത്തി.

പള്ളികൾ അടഞ്ഞുകിടന്നപ്പോൾ ദിവ്യബലിയർപ്പണങ്ങളെ ഡിജിറ്റൽപ്ലാറ്റ്ഫോമിൽ ഏവർക്കും എത്തിക്കുവാൻ, ലൈവ് സ്ട്രീമുകൾ നടത്തുവാൻ, നവമാധ്യമങ്ങളെ ഉപയോഗപ്പെടുത്തുവാനൊക്കെ യുവജനങ്ങൾക്ക് സാധിച്ചു. അതോടൊപ്പം ലോക്ഡൗൺ കാലത്ത് വീടിനുള്ളിൽ അടയ്ക്കപ്പെട്ടവർക്കുവേണ്ടി കലാവിനോദ മത്സരങ്ങൾ നടത്തി. ഭക്ഷ്യസ്വയം പര്യാപ്തതയ്ക്കായി 'ഹരിതം' എന്ന പേരിൽ പച്ചക്കറികൃഷി പദ്ധതി നടപ്പിലാക്കി. ഈ പറഞ്ഞതിലും ഏറെക്കാര്യങ്ങൾ അവർ ചെയ്തുകൊണ്ടിരിക്കുന്നു. സർഗാത്മകതയുടെ വസന്തകാലമാക്കി ഈ കോവിഡ് കാലത്തെ മാറ്റുവാൻ സമൂഹമാധ്യമങ്ങളുടെ സാധ്യതകളെ ഉപയോഗപ്പെടുത്തിയ പ്രേഷിതരാണ് നമ്മുടെ യുവജനങ്ങൾ. അവരെ കേരളസഭയും സമൂഹവും ഹൃദയത്തോട് ചേർത്തുവെച്ച് അഭിനന്ദിക്കുകയും നന്ദിപറയുകയും ചെയ്യുന്നു.

കോവിഡനന്തരസഭയുടെയും സമൂഹത്തിന്റെയും ആകുലതകളെയും ആശങ്കകളെയും നമ്മുടെ യുവജനങ്ങൾ തീക്ഷണതയോടെ ഏറ്റെടുക്കേണ്ടതുണ്ട്. സാമ്പത്തികരംഗത്തിന്റെ തിരിച്ചടികൾ, പ്രവാസികളുടെ തിരിച്ചുവരവ്, ജോലിനഷ്ടം, രോഗത്തിന്റെ കെടുതികൾ, ധാർമ്മിക അപഭ്രംശങ്ങൾ, വിലക്കയറ്റം തുടങ്ങിയകാര്യങ്ങളിൽ യുവജനങ്ങളുടെ സവിശേഷമായ ശ്രദ്ധയും പഠനവും ആവശ്യമുണ്ട്. ധീരരായ പ്രേഷിതരാകുവാൻ യുവാവായ ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു. ക്ഷണം സ്വീകരിക്കാൻ തയ്യാറാകുന്നവരുടെ ത്യാഗങ്ങളെ രക്തസാക്ഷിത്വമായി കരുതി, കരുണാപൂർവം അവരെ അനുധാവനം ചെയ്യുവാൻ സഭയും സമൂഹവും സജ്ജമാകേണ്ടതുണ്ട്.

രാഷ്ട്രീയ മണ്ഡലങ്ങളിൽ നേതൃത്വപാടവമുള്ള യുവജനങ്ങൾ മൂല്യാധിഷ്ഠിതമായി ഇടപെടേണ്ടതുണ്ട്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഭീകരപ്രവർത്തനം, അക്രമം, അസഹിഷ്ണുത, വിഭാഗീയത, ഏകാന്തത എന്നിവയെല്ലാം മരണസംസ്കാരത്തിന് വേദി ഒരുക്കുന്നു. മദ്യം, മയക്കുമരുന്ന്, ലൈംഗിക അരാജകത്വം എന്നിവയൊക്കെ ഈ സംസ്കാരത്തിന് ശക്തി പകരുന്നു. ഇവയോട് നാം സന്ധിയില്ലാസമരം ചെയ്യണം. വിശക്കുന്നവർക്ക് ഭക്ഷണം, ഭവനമില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബ

ലവിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, ഓഖി ദുരന്തം, വെള്ളപ്പൊക്കദുരിതം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിൽ യുവജനങ്ങൾ പങ്കുചേരുന്നു എന്നത് ഏറെ ശ്ലാഘനീയമാണ്. ഇത് ത്യാഗത്തോടെ തുടരുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

കുരിശുമരത്തിനരികിലായി നന്മയുടെ പൂമരങ്ങളായി നിൽക്കുവാൻ നമ്മുടെ യുവജനങ്ങൾക്കാകട്ടെ. സ്നേഹസമ്പന്നമായ കുടുംബജീവിതം കെട്ടിപ്പടുക്കാൻ യുവാക്കളെ പ്രേരിപ്പിക്കുന്ന വിധത്തിൽ മുതിർന്ന തലമുറ അവർക്കു മാതൃകയാവട്ടെ. "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന" (ലൂക്കാ 2,52) യേശുവിനോട് അനുരൂപരായി തീരുവാനും യുവാവായ ക്രിസ്തുവുമായി ഒരു സൗഹൃദത്തിലെത്തി ചേരാനും യുവത്വമെന്ന ജീവിതത്തിന്റെ തീക്ഷ്ണവും സർഗ്ഗാത്മകവുമായ കാലത്ത് ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം പകരുന്ന ധീര പ്രേഷിതരാകാനും ധീരമായി നിലപാടുകളിൽ ഉറച്ചു നിന്നുകൊണ്ട് രക്തം ചിന്താനും നമ്മെ പ്രചോദിപ്പിക്കുന്ന ദിനമാണ് യുവജനദിനം. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിവൈഎം, ജീസസ്‌യൂത്ത്, സിഎൽസി, മിജാർക്ക്, AICUF/യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന യുവശക്തിയായി, ക്രിസ്തുശിഷ്യരായി, വേണ്ടിവന്നാൽ രക്തസാക്ഷികളായി മാറുവാൻ സർവേശ്വരന്റെ അനുഗ്രഹം ഉണ്ടാകട്ടെ.

എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**

(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. യൂഹാനോൻ മാർ തിയൊഡോഷ്യസ്**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

# കച്ചേരിക്കാര്യം

## 1. വൈദികരുടെ സ്ഥലമാറ്റവും നിയമനവും

താഴെ പേരുകൊടുത്തിരിക്കുന്ന വൈദികരെ അവരുടെ പേരിനു നേരെയുള്ള സ്ഥലത്ത് 2020 ജൂൺ 28 മുതൽ രൂപതാദ്ധ്യക്ഷൻ നിയമിച്ചിരിക്കുന്നു.

Rev. Fathers:

| | |
|---|---|
| Areethara Jacob | Rector, Minor Seminary |
| Chemparathickal George | Director, COD & Vayalida |
| Chennikkara Antony | Erude & Director, Vianney Priest Home |
| Cheruvelil Mathew | Valillappuzha |
| Chirakandathil Jose | Payyanad |
| Edakkattil Joseph | Panamplavu |
| Eettathottu Michael OSFS | Muthappanpuzha |
| Kadaplackal Thomas | Secretary to theBishop (Additional) |
| Kadavumkandathil John OSFS | Relieved from Muthappanpuzha |
| Kalappurackal George | Rector, Kulathuvayal |
| Kalappurakkal Joseph | Vendekkumpoyil |
| Kalarickal Joseph | Director, PMOC, Family Apostolate & Good Shephared Priests' Home |
| Kalathil Joseph | Kunnamangalam |
| Kalathoor George | Marudonkara |
| Kandassankunnel Mathew | Kalikavu |
| Kappilummakkal Jacob | Director, Temperance, Mathruvedi & Kudumbakoottayma (Additional) |
| Karakkunnel Jacob | Thalayad & LDS, Associate Director COD |
| Kariyil Mathew OFM Cap. | Karikandanpara |
| Kizhakkarakkattu Dantis | Vettilappara |
| Kizhakkekkunnel Simon | Venappara |
| Kochilath Abraham | Thottumukkam |
| Kochukaippayil Kuriakose | Paloor & Abhayagiri |
| Kochukaippayil Thomas | Kariyathumpara |

| | |
|---|---|
| Kochupurayil Kurian OSFS | Asst. Director, Bethania |
| Koonanickal Joseph | Adakkakundu |
| Kuruvammackal Sebastian CST | Asst. Vicar, Thottumukkom |
| Kuttikkattu George | Narinada |
| Machukuzhy Augustine | Koomamkulam |
| Mannanchery Joseph | Poozhithode |
| Mazhuvanchery Abraham | Nooramthode |
| Mukalepparambil Joseph | Malaparambu |
| Mundakkal George | Kondotty & Alphonsa School Oorakam |
| Naduvathettu Francis | Retirement |
| Nelliyani Pius MSFS | Asst. Vicar, Koorachundu |
| Pallikkavayalil John | Director, Catechism |
| Pannikkottu Augustine | Study Leave |
| Pattaniyil Augustine | Mylellampara |
| Pazhukkunnel Johnson | Chempanoda |
| Pennaparambil Jose | Director, Pro-life & INFAM (Additional) |
| Ponganpara Cheriyan | Vice Rector,Minor Seminary & Eparchial Judge |
| Poovathinkal Paul | Kalkkundu |
| Pulichamakkal Joseph | Director, ALPHA |
| Pulimoottil Mathew Jr. | Theyyappara |
| Puthenpurackal Jacob | Puthuppady & Asst. Director COD |
| Puthiyaparambil Thomas | Mukkom |
| Thannickal Kurian | Maranchatty |
| Thekkekaramattam George | Manjakkadavu & Alphonsa College |
| Thevadiyil Thomas | Director, CML |
| Thittayil Mathew | Chempukadavu |
| Thonikkuzhy Mathai CMI | Asst. Vicar, Chevayur |
| Thoomkuzhy Dominic | On Leave |
| Thoomullil Mathew | Asst. Vicar, Kodanchery |
| Thundathil Scaria | Asst. Vicar, Mariyapuram |
| Vadakkel Joseph | Padathukadavu |
| Vamattam Augustine | Peruvannamoozhy |
| Varakil Antony | Study |

| | |
|---|---|
| Varikkassery George | Chundathumpoyil |
| Vattottutharappel Thomas | Retirement |
| Vayalil Abraham | Kuppayakkode |
| Vellackakkudy George | Director, KCYM & AKCC (Additional) |
| Vellammakkal Francis | Pushpagiri |
| Vellaramkalayil George | Sp. Director, Minor Seminary |

**Forane Animators for Renewal Movement**

Rev. Fathers

| | |
|---|---|
| Chennikara Antony | Kodenchery |
| Chundayil Joseph | Malappuram |
| Iykolambil Kuriakose | Perinthalmanna |
| Kalthoor George | Marudonkara |
| Karukamalil Vincent | Karuvarakundu |
| Kocheelath Johnson | Thottumukkom |
| Oliakattil Jose | Thiruvambady |
| Thakidiyel Mathew | Vilangad |
| Vadakkedom Jose | Paroppady |
| Valliyamthadathil John | Thamarassery |
| Vamattathil James | Koorachundu |

**2. ജൂലൈ 3 - സഭാദിനം**

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ മരണത്തിരുനാളായ ജൂലൈ 3-ാം തീയതി സീറോ മലബാർ സഭാദിനമായി ആചരിക്കുന്നു. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ സഭയ്ക്കുവേണ്ടിയും ലോകം മുഴുവനുവേണ്ടിയും തീക്ഷ്ണമായി പ്രാർത്ഥിക്കുവാൻ വിശ്വാസികളെ ഓർമ്മപ്പെടുത്തേണ്ടതാണ്. നമ്മുടെ സഭയുടെ ഐക്യത്തിനും വിശ്വാസികളുടെ നന്മയ്ക്കും മഹാമാരിയുടെ വ്യാപനത്തിൽ നിന്ന് മോചനം നേടുന്നതിനുംവേണ്ടി മാർതോമാശ്ലീഹായുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം.

**3. വി. അൽഫോൻസാമ്മയുടെ തിരുനാൾ**

രൂപതയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിവസമായ ജൂലൈ 28 ആണല്ലോ. നമ്മുടെ രൂപതയ്ക്കുവേണ്ടിയും രൂപതയുടെ വിവിധ ആവശ്യങ്ങൾക്കുവേണ്ടിയും വിശുദ്ധയുടെ മാദ്ധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം.

### 4. യേശുനിധി

ഈ വർഷത്തെ യേശുനിധി സമാഹരിക്കാത്തതിനാൽ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ യേശുനിധി അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

### 5. വൈദിക ദിനം, വൈദിക ക്ഷേമനിധി

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളായ ആഗസ്റ്റ് 4-ാം തീയതി നമ്മുടെ പതിവനുസരിച്ച് വൈദിക ദിന മായി ആചരിക്കുന്നു. ബഹു. വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ആശം സകളർപ്പിക്കുവാനും ഈയവസരം വിനിയോഗിക്കാം.

### 5. നന്ദി, സ്വാഗതം

മുത്തപ്പൻപുഴ ഇടവകയിലെ സ്തുത്യർഹമായ സേവനങ്ങൾക്കുശേഷം പുതിയ കർമ്മമേഖലയിലേക്ക് പോകുന്ന **ബഹു. ഫാ. ജോൺ കടവുംകണ്ടത്തിൽ** OSFS **അച്ചന്** താമരശ്ശേരി രൂപതയുടെ കൃതജ്ഞതയും പ്രാർത്ഥനാശംസകളും നേരുന്നു.

തോട്ടുമുക്കം ഫൊറോന പള്ളിയുടെ സഹവികാരിയായി കടന്നുവരുന്ന CST സമൂഹാംഗം **ബഹു. സെബാസ്റ്റ്യൻ കുരുവമാക്കൽ അച്ചനും**, ബഥാനിയ ധ്യാനകേന്ദ്രത്തിൽ അസി. ഡയറക്ടറായി നിയമിതനായിരിക്കുന്ന OSFS സമൂഹാംഗം **ബഹു. കുര്യൻ കൊച്ചുപുരയിൽ അച്ചനും** ഹൃദ്യമായ സ്വാഗതം.

### 6. വൈദികരുടെ വാർഷിക ധ്യാനം

വൈദികരുടെ വാർഷിക ധ്യാനം സംബന്ധിച്ചുള്ള അറിയിപ്പ് പിന്നീട് നല്കുന്നതാണ്.

### 7. ആദരാഞ്ജലികൾ

ബഹു. ഡൊമിനിക് മുട്ടത്തുകുടിയിലച്ചന്റെ പിതാവ് **കുര്യൻ മുട്ടത്തു കുടിയിൽ (80)** 2020 മാർച്ച് 25 ന് തന്റെ നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു. കോടഞ്ചേരി ഇടവകയിൽ നടന്ന മൃതസംസ്കാരശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ഡൊമിനിക് മുട്ടത്തുകുടിയിലച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയി ക്കുകയും പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബഹു. ജോസഫ് ക്രിസ്റ്റി പള്ളിയോടിയച്ചന്റെ മാതാവ് **മേരി ജോസഫ് പള്ളിയോടി (95)** 2020 മാർച്ച് 30 ന് നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു. കട്ടിപ്പാറ ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജി യോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടും ബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജോസഫ് ക്രിസ്റ്റി പള്ളിയോടിയച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മ ശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബഹു. അബ്രാഹം പുളിഞ്ചുവട്ടിലച്ചന്റെ മാതാവ് **മറിയം ജോൺ പുളിഞ്ചുവട്ടിൽ** 2020 ജൂൺ 6 ന് നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു. പാലാ രൂപതയിലെ കൂത്താട്ടുകുളം വടകര ഇടവകയിൽ നടന്ന മൃതസംസ്കാരശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. അബ്രാഹം പുളിഞ്ചുവട്ടിലച്ചനോടും രൂപതാകൂടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബഹു. ജോർജ്ജ് കറുകമാലിലച്ചന്റെ പിതാവ് **വർക്കി കറുകമാലിൽ** 2020 ജൂൺ 19 ന് നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു. പൊയിലോംചാൽ ഇടവകയിൽ നടന്ന മൃതസംസ്കാരശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജോർജ്ജ് കറുകമാലിലച്ചനോടും രൂപതാകൂടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബഹു. ജോസഫ് തുരുത്തിയലച്ചന്റെ മാതാവ് **റോസമ്മ തോമസ്** 2020 ജൂൺ 19 ന് നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു. കണ്ണോത്ത് ഇടവകയിൽ നടന്ന മൃതസംസ്കാരശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജോസഫ് തുരുത്തിയിലച്ചനോടും രൂപതാകൂടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 8. പുതിയ ഫോൺ നമ്പർ

ഫാ. മൈക്കിൾ ഈറ്റത്തോട്ട് OSFS,
മുത്തപ്പൻപ്പുഴ വികാരി – 8078572545

## 9. സ്മരണാഞ്ജലി

15.07.1999 – റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ
16.07.1981 – റവ. ഫാ. അബ്രാഹം മൂക്കനോലിൽ
**18.07.2010 – റവ. ഫാ. ഫിലിപ്പ് പ്ലാത്തോട്ടത്തിൽ**
**23.07.2019 – റവ. ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ**
26.07.2003 – റവ. ഫാ. മാത്യു കൊട്ടുകാപ്പള്ളിൽ
**27.07.2008 – റവ. ഫാ. മാത്യു പൊയ്യക്കര**
28.07.1970 – റവ. ഫാ. ജേക്കബ്ബ് വെള്ളക്കട
**30.07.2012 – റവ. ഫാ. ജോസ് മണിമലത്തറപ്പിൽ**

**പ്രോട്ടോസിഞ്ചെല്ലൂസ്**

# പാവനസ്മരണയ്ക്ക്



റവ. ഫാ. ഫിലിപ്പ് പ്ലാത്തോട്ടത്തിൽ
18.07.2010



റവ. ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ
23.07.2019



റവ. ഫാ. മാത്യു പൊയ്യക്കര
27.07.2008



റവ. ഫാ. ജോസ് മണിമലത്തറപ്പിൽ
30.07.2012

# സ്നേഹ ഗായകനായ അജപാലകൻ




## ഫാ. ജോൺ പനയ്ക്കപ്പിള്ളി

**ജനനം: 03.05.1939**

**മരണം: 26.03.2020**


1939 മെയ് 3-ാം തീയതി പാലാ രൂപതയിലെ രാമപുരത്ത് പനക്കപ്പള്ളിൽ വർക്കി - ഏലി ദമ്പതികളുടെ ഒമ്പതുമക്കളിൽ നാലാമനായി ബഹു. ജോൺ പനയ്ക്കപ്പള്ളിലച്ചൻ ജനിച്ചു. രാമപുരം സേക്രട്ട് ഹാർട്ട് എൽ.പി. സ്കൂളിൽ, സെന്റ് അഗസ്റ്റ്യൻസ് ഹൈസ്കൂളിൽ എന്നിവിടങ്ങളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി 1956 ജൂൺ 18 ന് പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര പഠനവും ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കി 1965 മാർച്ച് 17 ന് തലശ്ശേരി അതിരൂപതയ് ക്കുവേണ്ടി അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

തലശ്ശേരി അതിരൂപതയിലെ പേരാവൂർ ഫൊറോനപ്പള്ളിയിൽ സഹവികാരിയായി ബഹു. ജോണച്ചൻ തന്റെ അജപാലന ശുശ്രൂഷ ആരംഭിച്ചു. തുടർന്ന് അതിരൂപതയിലെ തന്നെ വായാട്ടുപറമ്പ്, പെരുമ്പടവ്, പൈസക്കരി, മാടത്തിൽ, കണ്ണിവയൽ, പൊന്മല എന്നീ ഇടവകകളിലും മാനന്തവാടി രൂപതയിലെ ചുങ്കക്കുന്ന് ഇടവകയിലും വികാരിയായി സേവനം ചെയ്തു. 1986 ൽ താമരശ്ശേരി രൂപത നിലവിൽ വന്നപ്പോൾ അച്ചൻ രൂപതയുടെ ഭാഗമായിത്തീർന്നു. രൂപതയിലെ വിലങ്ങാട്, നെന്മേനി, അടയ്ക്കാക്കുണ്ട്, പന്തല്ലൂർ, തൂവ്വൂർ, ഊരകം, തെയ്യപ്പാറ, മഞ്ഞക്കടവ്, പാതിരിക്കോട് എന്നീ ഇടവകകളിൽ സേവനം ചെയ്തു. 2009 മാർച്ച് 1 ന് അച്ചന്റെ തന്റെ അജപാലന ശുശ്രൂഷകൾക്ക് വിരാമമിട്ടുകൊണ്ട് വിശ്രമജീവിത ത്തിലേക്ക് കടന്നു. കോഴിക്കോട് മേരിക്കുന്നിലുള്ള ഗുഡ് ഷെപ്പേർഡ് പ്രീസ്റ്റ് ഹോമിൽ ആയിരുന്നു വിശ്രമജീവിതം നയിച്ചിരുന്നത്.

ബഹു. പനക്കപ്പള്ളിയച്ചൻ നല്ലൊരു ഗായകനായിരുന്നു. ആലുവ സെമിനാരിയിൽ പഠിക്കുന്ന കാലഘട്ടത്തിൽ സെമിനാരി ക്വയറിലെ അംഗമായിരുന്നു. ബഹു. ജോണച്ചൻ സേവനം ചെയ്തിരുന്ന എല്ലാ ഇടവകകളിലും തീഷ്ണതയോടെയും ത്യാഗമനോഭാവത്തോടെയും തന്റെ അജപാലനദൗത്യം നിർവ്വഹിച്ചിരുന്നു. ധന്യമായൊരു ജീവിതമായിരുന്ന അദ്ദേഹത്തിന്റേത്.

“ഞാൻ നല്ലവണ്ണം യുദ്ധം ചെയ്തു. ഞാൻ എന്റെ ഓട്ടം പൂർത്തിയാക്കി. എന്റെ വിശ്വാസം ഞാൻ സംരക്ഷിച്ചു” എന്ന വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ അക്ഷരാർത്ഥത്തിൽ ജീവിത യാത്രയിൽ പ്രാവർത്തികമാക്കിയ ബഹു. ജോണച്ചൻ 2020 മാർച്ച് 26-ാം തീയതി ഉച്ചക്ക് 12 മണിക്ക് തന്റെ നിത്യസമ്മാനത്തിനായി നാഥന്റെ പക്കലേക്ക് യാത്രയായി. അന്നേദിവസം വൈകിട്ട് 4.30 ന് ഈരൂട് ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. ഈരൂട് പള്ളി സിമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്ന ബഹു. ജോൺ പനയ്ക്കപ്പള്ളിയച്ചന്റെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

## പുഞ്ചിരിയിലൂടെ മറ്റുള്ളവരിലേക്ക് കുടിയേറിയ ജേക്കബ് പുത്തൻപുര അച്ചൻ



### ഫാ. ജേക്കബ് പുത്തൻപുര

**ജനനം: 24.06.1937**

**മരണം: 12.05.2020**

1937 ജൂൺ 24ന് പാലാ രൂപതയിലെ കടുത്തുരുത്തിക്കടുത്ത് മണ്ണാറപ്പാറ ഇടവകയിൽ പുത്തൻപുരയിൽ (കിഴക്കേകാലായിൽ) പരേതരായ വർക്കി - ഏലിക്കുട്ടി ദമ്പതികളുടെ മൂന്നുമക്കളിൽ മൂന്നാമത്തെ മകനായി ജേക്കബ് അച്ചൻ ജനിച്ചു. ജനിച്ച് 6 മാസത്തിനുള്ളിൽ സ്വന്തം അമ്മയെ നഷ്ടപ്പെട്ട ജേക്കബ് അച്ചന് ചെറിയ

പ്രായത്തിൽ തന്നെ ഒരു വൈദികനാകുക എന്ന ആഗ്രഹത്തോടെ ജീവിക്കുവാൻ പ്രേരണയായത് വല്ല്യപ്പന്റെയും വല്ല്യമ്മയുടെയും തണലിലുള്ള ജീവിതവും അവരുടെ പ്രചോദനങ്ങളും പ്രാർത്ഥനാ ജീവിതവുമായിരുന്നു. മുട്ടുചിറ സി.എം.എസ്. എൽ.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും കടുത്തുരുത്തി സെന്റ് മൈക്കിൾസിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കിയ അച്ചൻ പുതുതായി രൂപീകൃതമായ തലശ്ശേരി രൂപതയ്ക്കുവേണ്ടി പാലാ രൂപതയുടെ മൈനർ സെമിനാരിയിൽ വൈദികപഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്റിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്രവും ദൈവ ശാസ്ത്രവും പൂർത്തിയാക്കി. 1964 മാർച്ച് 13ന് തലശ്ശേരി രൂപതയ്ക്കുവേണ്ടി അന്നത്തെ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു.

മാനന്തവാടി രൂപതയിലെ മരക്കടവ്, മരക്കാവ്, തലശ്ശേരി രൂപതയിലെ മണിക്കടവ്, പെരുംപുന്ന, ചെമ്പൻതൊട്ടി, കീഴ്പള്ളി (ചെടിക്കുളം), ചെമ്പേരി, നെല്ലിക്കാംപൊയിൽ, കിളിയന്തറ എന്നീ ഇടവകകളിൽ വികാരിയായും സെമിനാരി എസ്റ്റേറ്റ് മാനേജർ ആയും, താമരശ്ശേരി രൂപതയിലെ തിരുവമ്പാടി, കുളത്തുവയൽ, ചക്കിട്ടപാറ, പാറോപ്പടി, തേഞ്ഞിപ്പലം, കണ്ണോത്ത്, വിളക്കാംതോട്, വാലില്ലാപ്പുഴ, ഈരൂട്, മരഞ്ചാട്ടി എന്നിവടങ്ങളിൽ വികാരിയായും താമരശ്ശേരി രൂപതയുടെ നവീകരണ കേന്ദ്രമായ ബഥാനിയാ റിന്യൂവൽ സെന്ററിൽ കുമ്പസാരക്കാരനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2015 ൽ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച് ഈരൂട് വിയാനി പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിക്കുകയായിരുന്നു.

അസൗകര്യങ്ങൾ മാത്രം കൈമുതലുണ്ടായിരുന്ന കുടിയേറ്റജന തയുടെ മനസ്സറിഞ്ഞ ഇടയനായിരുന്നു ജേക്കബ് അച്ചൻ. സ്വന്തം ജീവിതം മറ്റുള്ളവർക്കുവേണ്ടി പൂർണ്ണമായി സമർപ്പിച്ച അച്ചൻ സ്വന്തമായുള്ളതുമുഴുവൻ എല്ലാവർക്കുമായി വീതിച്ചുനൽകിയാണ് തന്റെ ജനത്തെ സ്നേഹിച്ചത്. കണ്ടുമുട്ടുന്ന എല്ലാവരെയും നിറപുഞ്ചിരിയോടെ സ്വീകരിക്കുവാൻ അച്ചനു കഴിയുമായിരുന്നു. 2015 ൽ അജപാലന ശുശ്രൂഷകളിൽനിന്ന് വിരമിച്ച് ഈരൂട് വൈദിക മന്ദിരത്തിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. പ്രായാധി കൃത്തിന്റെ അവശതകളും ഹൃദയസംബന്ധമായ രോഗങ്ങളും അച്ചനെ അലട്ടിയിരുന്നു. 2020 ഏപ്രിൽ 20ന് അഭിവന്ദ്യ റെമീജിയോസ് പിതാവിൽ നിന്ന് രോഗീലേപനം സ്വീകരിച്ച അച്ചൻ 2020 മെയ് 12ന് കോഴിക്കോട് നിർമ്മലാ ഹോസ്പിറ്റലിൽ വച്ച് നിത്യസമ്മാന ത്തിനായി വിളിക്കപ്പെട്ടു. ധന്യമായ ജീവിതം നയിച്ച് നമുക്കേവർക്കും മാതൃകയായ ജേക്കബ് അച്ചനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

# സെമിനാരി വാർത്തകൾ

## നന്ദി..... ആശംസകൾ

കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ മൈനർ സെമിനാരി റെക്ടറായി സ്തുത്യർഹമായ സേവനം ചെയ്ത് ഇപ്പോൾ തോട്ടുമുക്കം ഫൊറോന വികാരിയായി ശുശ്രൂഷ ആരംഭിച്ചിരിക്കുന്ന ബഹു. അബ്രാഹം കൊച്ചിലാത്ത് അച്ചനും, സെമിനാരി വിദ്യാർത്ഥികളുടെ ആദ്ധ്യാത്മിക പിതാവായി മൂന്നു വർഷക്കാലത്തോളം സേവനമനുഷ്ഠിച്ച് രൂപതാ മതബോധന ഡയറക്ടറായി സ്ഥാനമേറ്റിരിക്കുന്ന ബഹു. ജോൺ പള്ളിക്കാവയലിലച്ചനും സെമിനാരി ഇംഗ്ലീഷ് പ്രൊഫസറായി സേവനം അനുഷ്ഠിച്ച് മഞ്ഞക്കടവ് ഇടവക വികാരിയായും തിരുവമ്പാടി സെന്റ് അൽഫോൻസ കോളേജിലെ ഇംഗ്ലീഷ് പ്രൊഫസറായും നിയമിതനായിരിക്കുന്ന ബഹു. ജോർജ്ജ് തെക്കേക്കരമറ്റത്തിലച്ചനും സെമിനാരി കുടുംബത്തിന്റെ ഹൃദ്യമായ നന്ദി. പുതിയ ശുശ്രൂഷാ മേഖലകളിൽ എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

നാലുവർഷക്കാലത്തോളം വൈസ് റെക്ടറായി സെമിനാരിയിൽ സേവനം ചെയ്തതിനുശേഷം ഇപ്പോൾ റെക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജേക്കബ് അരീത്തറ അച്ചന് അഭിനന്ദനങ്ങൾ. ബാംഗ്ലൂർ ധർമ്മാരാമിൽനിന്നും പൗരസ്ത്യ കാനൻ ലോ പഠനം വിജയകരമായി പൂർത്തിയാക്കി സെമിനാരിയുടെ വൈസ് റെക്ടറായി ചാർജ്ജെടുത്ത ബഹു. ചെറിയാൻ പൊങ്ങൻപാറയച്ചനും കൂമംകുളം ഇടവകയിലെ ശുശ്രൂഷയോടൊപ്പം B.Ed പഠനവും വിജയകരമായി പൂർത്തിയാക്കി സെമിനാരിയിലെ ആദ്ധ്യാത്മിക പിതാവായി കടന്നുവന്നിരിക്കുന്ന ബഹു. ജോർജ്ജ് വെള്ളാരംകാലയിലച്ചനും ഹൃദ്യമായ സ്വാഗതം.

## വൈദിക വസ്ത്രസ്വീകരണം

താമരശ്ശേരി രൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ തത്വശാസ്ത്രപഠനം പൂർത്തിയാക്കിയ മൂന്ന് വൈദിക വിദ്യാർത്ഥികൾ മെയ് 28, 29 തീയതികളിൽ സെമിനാരിയിൽ വച്ച് നടത്തിയ ഒരുക്ക ധ്യാനത്തിനുശേഷം മെയ് 30-ാം തീയതി സെമിനാരി ചാപ്പലിൽ വച്ച് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽനിന്നും വൈദിക വസ്ത്രം സ്വീകരിച്ചു.

1 ബ്ര. ജോയൽ കുമ്പുക്കൽ (പൂഴിത്തോട്)

2 ബ്ര. ക്ലിൻസ് വെട്ടുകല്ലേൽ (കരികണ്ടൻപാറ)

3 ബ്ര. എബിൻ പാറേക്കുടിലിൽ (തേക്കുംകുറ്റി)

## ഡിഗ്രി, മേജർ സെമിനാരി പഠനത്തിനായി പോകുന്നവർ

### തത്വശാസ്ത്രം

**ആലുവ മംഗലപ്പുഴ സെമിനാരി**

1 ബ്രദ. ആഷ്ബിൻ കാക്കനാട്ട് (കക്കാടംപൊയിൽ)

2 ബ്രദ. അരുൺ തുറവയ്ക്കൽ (കണ്ണോത്ത്)

**കോട്ടയം വടവാതൂർ സെമിനാരി**

1 ബ്രദ. ജെറിൻ കിളിയമ്പ്രയിൽ (കുണ്ടുതോട്)

2 ബ്രദ. ജെറാൾഡ് പല്ലാട്ട് (പുന്നയ്ക്കൽ)

**കുന്നോത്ത് ഗുഡ്ഷെപ്പേർഡ് സെമിനാരി**

1 ബ്രദ. ജിബിൻ കിളിയമ്പ്രയിൽ (കരിങ്ങാട്)

2 ബ്രദ. ലിയോൺ മുണ്ടക്കപ്പടവിൽ (കാറ്റുള്ളമല)

**മക്കിയാട്**

1 ബ്രദ. ആൽബിൻ നടക്കൽ (നെന്മേനി)

2 ബ്രദ. മെൽബിൻ പുൽപ്രായിൽ (തോട്ടുമുക്കം)

3 ബ്രദ. യാക്കോബ് തട്ടിൽ (താമരശ്ശേരി)

**പൂന പേപ്പൽ സെമിനാരി**

1 ബ്രദ. എഡ്വിൻ കോനുക്കുന്നേൽ (കൂരാച്ചുണ്ട്)

### ദൈവശാസ്ത്രം

**കോട്ടയം വടവാതൂർ സെമിനാരി**

ബ്രദ. ജോയൽ കുമ്പുക്കൽ (പൂഴിത്തോട്)

**കുന്നോത്ത് ഗുഡ്ഷെപ്പേർഡ്**

ബ്രദ. ക്ലിൻസ് വെട്ടുകല്ലേൽ (കരികണ്ടൻപാറ)

ബ്രദ. എബിൻ പാറേക്കുടിലിൽ
(ബ്രദർ സെക്രട്ടറി, സീറോ മലബാർ കൂരിയ ബിഷപ്പ്)

### ഡിഗ്രി

1 ബ്രദ. ജോയൽ കാവുംപുറത്ത് (തോട്ടുമുക്കം)

2 ബ്രദ. സാമുവൽ വടക്കൻ (തേഞ്ഞിപ്പാലം)

## കാറോയ ഹെവുപ്പദ്യാക്കോന, മ്ശംശാന പട്ടങ്ങൾ

### കാറോയ, ഹെവുപ്പദ്യാക്കോന പട്ടങ്ങൾ

കാറോയ, ഹെവുപ്പദ്യാക്കോന എന്നീ ചെറുപട്ടങ്ങൾ സ്വീകരിക്കുന്ന വൈദികവിദ്യാർത്ഥികൾക്കായി ജൂൺ 2,3 തീയതികളിൽ മൈനർ സെമിനാരിയിൽവച്ച് ബഹു. ജോസഫ് ഇല്ലിക്കൽ അച്ചന്റെ നേതൃത്വത്തിൽ പട്ടത്തിനൊരുക്കമായി ധ്യാനം നടത്തുകയുണ്ടായി. ജൂൺ 4-ാം തീയതി മൈനർ സെമിനാരിയിൽ ചാപ്പലിൽ വച്ച് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽ നിന്നും ചെറുപട്ടങ്ങൾ സ്വീകരിക്കുകയും ചെയ്യുകയുണ്ടായി.

#### കാറോയ പട്ടം

1 ബ്ര. നിധിൻ കരുന്തോളിൽ (കൂടരഞ്ഞി)
2 ബ്ര. ആൽബിൻ കോയിപുറത്ത് (പുല്ലൂരാംപാറ)
3 ബ്ര. ജിതിൻ പന്തലാടിക്കൽ (പുല്ലൂരാംപാറ)
4 ബ്ര. ആൽബിൻ വിലങ്ങുപാറ (ചുണ്ടത്തുംപൊയിൽ)

#### ഹെവുപ്പദ്യാക്കോനപ്പട്ടം

1 ബ്ര. ടിൻസ് മറ്റപ്പള്ളിൽ (ചെമ്പുകടവ്)
2 ബ്ര. ജിതിൻ നരിവേലിൽ (തോട്ടുമുക്കം)
3 ബ്ര. ബ്രിജിൻ പൂതർമണ്ണിൽ (പാതിരിക്കോട്)
4 ബ്ര. നിർമ്മൽ പുലയപറമ്പിൽ (കോടഞ്ചേരി)
5 ബ്ര. അമൽ പുരയിടത്തിൽ (പുല്ലൂരാംപാറ)
6 ബ്ര. ജോസഫ് പുത്തൻപുരയ്ക്കൽ (കാക്കവയൽ)
7 ബ്ര. ജെസ്‌വിൻ തുറവയ്ക്കൽ (കുളത്തുവയൽ)

#### മ്ശംശാന പട്ടം

മ്ശംശാന പട്ടം സ്വീകരിക്കുന്ന വൈദിക വിദ്യാർത്ഥികൾക്കായുള്ള ഒരുക്ക ധ്യാനം ജൂൺ 2 മുതൽ 6 വരെ മൈനർ സെമിനാരിയിൽ വച്ച് ബഹു. ഷിബി കാട്ടിക്കുളക്കാട്ടച്ചന്റെ നേതൃത്വത്തിൽ നടന്നു. ജൂൺ 13-ാം തീയതി താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽനിന്നും അഞ്ചു വൈദിക വിദ്യാർത്ഥികൾ മ്ശംശാന പട്ടം സ്വീകരിച്ചു.

1 ബ്ര. ജോസഫ് അന്തീനാട്ട് (കരിങ്ങാട്)
2 ബ്ര. ജോസഫ് കിളിയംപറമ്പിൽ (മാലാപറമ്പ്)
3 ബ്ര. തോമസ് കുടിയിരിക്കൽ (ചമൽ)
4 ബ്ര. അബ്രാഹം സ്രാമ്പിക്കൽ (കൂരാച്ചുണ്ട്)
5 ബ്ര. മാത്യു തെക്കേക്കരമറ്റത്തിൽ (കോടഞ്ചേരി)

## അവധിക്കാല പരിശീലനം



കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ മേജർ സെമിനാരികൾ തുറക്കാൻ സാധിക്കാത്ത അവസ്ഥയിൽ വൈദിക വിദ്യാർത്ഥികൾ സ്വന്തം ഭവനങ്ങളിൽ

# മതബോധനം

**വിശ്വാസപരിശീലന കാര്യാലയത്തിൽ നിന്നും ആശംസകൾ!**

വിശ്വാസത്തിന്റെയും പ്രത്യാശയുടെയും വെളിച്ചത്തിൽ കുഞ്ഞുങ്ങളെ വളർത്താൻ നാമെല്ലാവരും പ്രതിജ്ഞാബദ്ധരാണ്. കൊറോണ വൈറസിന്റെ അതിപ്രസരണം ജനജീവിതം ദുഃസ്സഹമാക്കുന്ന ഈ സാഹചര്യത്തിൽ വിശ്വാസ പരിശീലനത്തിന് വളരെ പ്രാധാന്യം ഉണ്ട്. ഈ കാലഘട്ടത്തിന് ഏറ്റവും യോജിച്ച തരത്തിൽ നമുക്ക് ധൈര്യവും പ്രചോദനവും നൽകുന്ന "ഭയപ്പെടേണ്ട, വിശ്വസിക്കുകമാത്രം ചെയ്യുക" (മർക്കോ. 5:36) എന്ന ആപ്തവാക്യവുമായി പുതിയ ഒരു അധ്യയനവർഷം ആരംഭിച്ചിരിക്കുകയാണ്. പുതിയ പ്രവർത്തന വർഷം ഫലപ്രദമായി നിർവ്വഹിക്കുന്നതിന് നിങ്ങളുടെ അകമഴിഞ്ഞ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

## Break the lock down, Walk with Jesus

വിശ്വാസപരിശീലനകേന്ദ്രവും, മിഷൻലീഗും, കമ്മ്യൂണിക്കേഷൻ മീഡിയയും സംയുക്തമായി ലോക്ഡൗൺ കാലഘട്ടം ആനന്ദപ്രദമാക്കുന്നതിനുവേണ്ടി നടത്തിയ വ്യത്യസ്തങ്ങളായ ആറ് മത്സരങ്ങൾ വളരെയധികം ജനശ്രദ്ധ പിടിച്ചുപറ്റി.

### 1. കഥ അറിയാം..... കഥ പറയാം...

ബൈബിൾ നേഴ്സറി മുതൽ 4 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്കായി നടത്തിയ പ്രോഗ്രാം. ബൈബിളിലെ പഴയനിയമ സംഭവങ്ങൾ ആസ്പദമാക്കി 3 മിനിറ്റിൽ കവിയാതെ കഥ പറയുന്ന വീഡിയോ. 282 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

### 2. ഡയൽ 4 ഡീൽ

5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി നടത്തിയ ഓൺലൈൻ ക്വിസ് മത്സരം. ആയിരത്തിലധികം കുട്ടികളുടെ പങ്കാളിത്തം ഇതിൽ ഉണ്ടായിരുന്നു. ഓരോ ദിവസത്തേയും വിജയികൾക്ക് ബംബർ സമ്മാനവും കൂടാതെ പ്രോത്സാഹന സമ്മാനവും നല്കി.

### 3. ക്രൂശിതന്റെ വഴിയേ...

വിശുദ്ധവാരത്തോടനുബന്ധിച്ച് കുരിശിന്റെ വഴിയിലെ 6-ാം സ്ഥലം ഗാനത്തിന്റെ അകമ്പടിയോടെ ഒരേ വീട്ടിലെ 15 വയസ്സിൽ താഴെയുള്ള കുട്ടികൾ അഭിനയിക്കുന്ന വീഡിയോ മത്സരം. 167 കുടുംബങ്ങളിലെ കുട്ടികൾ പങ്കെടുത്തു.

### 4. ക്രൂശിതനോടൊപ്പം....

കുരിശിന്റെ വഴിയിലെ 12-ാം സ്ഥലം കുടുംബം ഒരുമിച്ച് ആലപിക്കുന്ന വീഡിയോ മത്സരം. 96 കുടുംബങ്ങൾ മത്സരത്തിൽ പങ്കെടുത്തു.

### 5. വാർത്താ അവതരണ വീഡിയോ മത്സരം

12-ാം ക്ലാസ്സ് വരെ മതബോധനം പഠിക്കുന്ന കുട്ടികൾക്കായി വി. ബൈബിളിലെ പുതിയ നിയമ ഭാഗത്തെ ഏതെങ്കിലും ഒരത്ഭുതസംഭവം ടെലിവിഷൻ വാർത്തയായി അവതരിപ്പിക്കുന്ന പ്രോഗ്രാം. 262 ടീമുകൾ ഈ മത്സരത്തിൽ പങ്കെടുത്തു. സോഷ്യൽ മീഡിയയിൽ വൈറലായി മാറിയ ഈ പ്രോഗ്രാം ഏറെ ശ്രദ്ധ പിടിച്ചുപറ്റി.

### 6. എന്റെ ബൈബിൾ

ബൈബിൾ നേഴ്സറി മുതൽ പത്താംക്ലാസ് വരെയുള്ള കുട്ടികളെ നാല് വിഭാഗങ്ങളായി തിരിച്ച് വി. ബൈബിളിലെ പുസ്തകങ്ങൾ ക്രമത്തിൽ മനഃപാഠമാക്കി പറയുന്ന വീഡിയോ മത്സരം. ആയിരത്തിലധികം കുട്ടികൾ പങ്കെടുത്തു.

## Teach a saint 2 Reach a saint

ലോക്ഡൗൺ കാലഘട്ടത്തിൽ രൂപതയിലെ വിശ്വാസപരിശീലകർ ക്കായി ഏതെങ്കിലും ഒരു വിശുദ്ധന്റെ/ വിശുദ്ധയുടെ ജീവിതത്തിലെ സംഭവത്തെ ആസ്പദമാക്കി കുട്ടികൾക്ക് ആകർഷകമായ രീതിയിൽ വിശുദ്ധനെ/വിശുദ്ധയെ അവതരിപ്പിക്കുന്ന വീഡിയോ മത്സരം. 117 മതാധ്യാപകർ പങ്കെടുത്തു.

### അഭിഷേകം 2020

പന്തക്കുസ്താ തിരുനാളിനോടനുബന്ധിച്ച് 2020 മെയ് 31 ഞായറാഴ്ച വൈകുന്നേരം 7 മണി മുതൽ 8 മണിവരെ രൂപതയിലെ മുഴുവൻ മതാധ്യാപകരും തങ്ങളുടെ വിശ്വാസപരിശീലന മേഖലയിലുള്ള മുഴുവൻ കുട്ടികളെയും സമർപ്പിച്ച് ഭവനങ്ങളിലായിരുന്ന് അന്നേദിവസം പ്രാർത്ഥനാദിനമായി ആചരിച്ചു.

### അധ്യയനവർഷ ഉദ്ഘാടനം

പുതിയ അധ്യയന വർഷം 2020 ജൂൺ 7 ന് കത്തീഡ്രൽ ദൈവാലയ ത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. കോവിഡ് പശ്ചാത്തലത്തിൽ കുടുംബാംഗ ങ്ങൾ വിശ്വാസപരിശീലന പാഠശാലകൾ ആകണമെന്നും മാതാപിതാക്കൾ മതാധ്യാപകരായി മാറണമെന്നും അധ്യയന വർഷത്തിന് തുടക്കം കുറിച്ചുകൊണ്ട് നൽകിയ ഉദ്ഘാടന സന്ദേശത്തിൽ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഓർമ്മപ്പെടുത്തി. വി. കുർബാനയ്ക്കുശേഷം നടന്ന ഉദ്ഘാടന സമ്മേളനത്തിൽ 3 വർഷക്കാലം മതബോധന ഡയറക്ടറായി സേവനം ചെയ്ത ബഹു. ജോസഫ് വടക്കേലച്ചന് അഭിവന്ദ്യ പിതാവ് നന്ദിയും നിയുക്ത മതബോധന ഡയറക്ടർ ബഹു. ജോൺ പള്ളിക്കാവയലിൽ അച്ചന് സ്വാഗതവും ആശംസിച്ചു. മതാധ്യാപകർ, മതാപിതാക്കൾ, കുട്ടികൾ, സിസ്റ്റേഴ്സ് എന്നിവരുടെ പ്രതിനിധികൾ

പിതാവിനോടൊപ്പം നിലവിളക്ക് തെളിയിച്ചു. ഓൺലൈനിൽ സംപ്രേഷണം ചെയ്തതിനാൽ ധാരാളം ആളുകൾക്ക് കാണുവാനുള്ള അവസരമുണ്ടായി.

### വിശ്വാസോത്സവം 2020

പാതിവഴിയിൽ അവസാനിച്ച അധ്യയനവർഷത്തിന്റെ തുടർച്ചയെന്ന വണ്ണം വിശ്വാസോത്സവ പുസ്തകങ്ങളിലെ വർക്കുകൾ വീട്ടിലിരുന്ന് ചെയ്തുകൊണ്ട് ഈ വർഷം ആരംഭിച്ചു. ജൂലൈ മാസം മുതലുള്ള പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് വേണ്ടിയാണ് ഇത്തരത്തിൽ ക്രമീകരിച്ചത്. വിശ്വാസോത്സവം നടത്തുവാൻ സാധിക്കാത്ത ഇടവകകൾ പിന്നീട് ക്രമീകരിക്കേണ്ടതാണ്.

### Domus Cat (വീടുകളിലെ വിശ്വാസപരിശീലനം)

ക്ലാസ്സുകളിൽ ഒരുമിച്ചുകൂടി (റഗുലർ സൺഡേ സ്കൂൾ) വിശ്വാസപരിശീലനം നടത്താൻ ഇപ്പോഴത്തെ സാഹചര്യം നമ്മെ അനുവദിക്കുന്നില്ലായെങ്കിലും കുട്ടികളുടെ വിശ്വാസ വളർച്ചയ്ക്കും ജീവിതത്തിനും അനിവാര്യമായ വിശ്വാസപരിശീലനം തുടർന്നു പോകേണ്ടതുണ്ട്. മാതാപിതാക്കൾ മതാധ്യാപകരായി മാറിക്കൊണ്ട് ഞായറാഴ്ചകളിൽ ഒരു മണിക്കൂർ സമയമെങ്കിലും മക്കളുടെ വിശ്വാസ പരിശീലനം സുഗമമായി നടത്തണം. ജൂലൈ ആദ്യവാരം മുതൽ എല്ലാ ക്ലാസ്സിലെയും പാഠഭാഗത്തെ ആസ്പദമാക്കിയുള്ള ക്ലാസ്സുകൾ Catechesis Thamarassery എന്ന YouTube ചാനൽ വഴിയും വാട്സാപ്പ് ഗ്രൂപ്പുകൾ വഴിയും ലഭ്യമാകുന്നതാണ്.

### വാട്സാപ്പ് ഗ്രൂപ്പ്

എല്ലാ ഇടവകയിലും ഓരോ ക്ലാസ്സിലെയും മാതാപിതാക്കളെയും അധ്യാപകരെയും ഉൾപ്പെടുത്തി വാട്സാപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കേണ്ടതാണ്.

### പ്രധാനാധ്യാപകരുടെ മീറ്റിംഗ്

ജൂൺ 13 മുതൽ മേഖല തിരിച്ചുള്ള (റീജണൽ) പ്രധാനാധ്യാപകരുടെ മീറ്റിംഗ് 7 സ്ഥലങ്ങളിലായി നടത്തി. ജൂൺ 13 ശനിയാഴ്ച രാവിലെ കരുവാരകുണ്ടിലും ഉച്ചകഴിഞ്ഞ് പെരിന്തൽമണ്ണയിലും, ജൂൺ 18 വ്യാഴാഴ്ച തിരുവമ്പാടിയിലും, ജൂൺ 19 വെള്ളിയാഴ്ച തോട്ടുമുക്കത്തും, ജൂൺ 20 ശനിയാഴ്ച രാവിലെ പേരാമ്പ്രയിലും ഉച്ചകഴിഞ്ഞ് താമരശ്ശേരിയിലും, ജൂൺ 21 ഞായറാഴ്ച പി.എം.ഒ.സിയിലുമായി മീറ്റിംഗുകൾ നടന്നു.

### ഒമ്പത്, പത്ത് (9,10) ക്ലാസ്സുകളിലെ മതബോധന വാർഷിക പരീക്ഷ

പ്രത്യേകമായ സാഹചര്യത്തിൽ ഒരുമിച്ചുകൂടി പരീക്ഷ നടത്തുവാനുള്ള ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് പരീക്ഷ വീടുകളിൽ തന്നെ മാതാപിതാക്കളുടെ സാന്നിധ്യത്തിൽ ജൂൺ 28 ന് നടത്തി.

### ഒന്നാം ക്ലാസ്സ് പ്രവേശനം

ജൂൺ 30 നുള്ളിൽ ഒന്നാം ക്ലാസ്സിലേക്കുള്ള പ്രവേശന നടപടികൾ പൂർത്തിയാക്കാത്ത ഇടവകകൾ മാതാപിതാക്കളെ ഉൾപ്പെടുത്തി ക്കൊണ്ടുള്ള

വാട്സാപ്പ് ഗ്രൂപ്പുകൾ ആരംഭിക്കുകയും പ്രവേശന നടപടികൾ പൂർത്തീകരിക്കുകയും ചെയ്യണം.

### പാഠപുസ്തകവിതരണം

പാഠപുസ്തകം വിതരണത്തിന് തയ്യാറായിട്ടുണ്ട്. പാഠപുസ്തകങ്ങ ളുടെയും വിശ്വാസോത്സവ പുസ്തകങ്ങളുടെയും വില ഡിസംബർ മാസത്തിനുള്ളിൽ അടച്ചുതീർക്കാൻ ശ്രദ്ധിക്കുമല്ലോ.

## HCC I, HCC II

ജൂൺ 30 നുള്ളിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ HCC രജിസ്ട്രേഷൻ ഫോം കുട്ടികൾക്ക് വിതരണം ചെയ്യുകയും ജൂലൈ 20 നകം പൂരിപ്പിച്ച് ജൂലൈ 30 നുള്ളിൽ മതബോധന ഓഫീസിൽ സമർപ്പിക്കുകയും ചെയ്യണം. (രജിസ്ട്രേഷൻ ഫീസ് HCC I 200/- HCC II 150/-).

### ഓൺലൈൻ ക്ലാസുകൾ

ജൂലൈ ആദ്യ ആഴ്ച മുതൽ ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ കുട്ടികൾക്ക് പാഠഭാഗങ്ങൾ ഓൺലൈനായി യൂട്യൂബ് ചാനൽ വഴി കൊടുക്കുന്നതായിരിക്കും. ശനിയാഴ്ച വൈകിട്ട് ബഹു. വികാരിയച്ചന്മാരുടെയും പ്രധാനാധ്യാപകരുടെയും വാട്സാപ്പ് ഗ്രൂപ്പിലേക്ക് ലിങ്ക് അയച്ചു നൽകുന്നതാണ്. മതാധ്യാപകർ ഞായറാഴ്ച ഓരോ ക്ലാസിലേയും കുട്ടികൾക്ക് ഇത് അയച്ചു കൊടുക്കേണ്ടതാണ്. ഒരു പാഠം രണ്ടാഴ്ചകളിലായി തീരുന്ന വിധത്തിലാണ് ഓൺലൈൻ ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. Catechesis Thamarassery എന്ന യൂട്യൂബ് ചാനൽ സബ്സ്ക്രൈബ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

### രൂപതാമതബോധന കമ്മിറ്റി സെക്രട്ടറി

രൂപതാ മതബോധന കമ്മിറ്റി സെക്രട്ടറിയായിരുന്ന പ്രകാശ് നെട്ടേൽ പാറോപ്പടി ഇടവകയിലെ ഹെഡ്മാസ്റ്റർ സ്ഥാനം മാറുന്നതിനാൽ താമരശ്ശേരി സൺഡേ സ്കൂൾ പ്രധാനാധ്യാപകൻ സെബാസ്റ്റ്യൻ കൈതാരത്ത് സാറിനെ ആ സ്ഥാനത്തേക്ക് രൂപതാധ്യക്ഷൻ നിയമിച്ചു.

### ഓഫീസ് സെക്രട്ടറി

നാല് വർഷക്കാലം മതബോധന ഓഫീസ് സെക്രട്ടറിയായി സേവനം ചെയ്ത സി. റെജീനക്ക് നന്ദി. പുതിയ ഓഫീസ് സെക്രട്ടറി സി. ലിദിയക്ക് സ്വാഗതം.

### ഓഫീസ് മാറ്റം

രൂപതാ മതബോധന ഓഫീസ് ജൂലൈ 3 മുതൽ താമരശ്ശേരിയിലെ മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിലേക്ക് മാറുന്നു.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, മതബോധനം

# കെ.സി.വൈ.എം.

## ഏപ്രിൽ – മെയ് – ജൂൺ മാസങ്ങളിലെ പ്രവർത്തനങ്ങൾ

### യുവ ഇൻസൈറ്റ് – നോമ്പുകാല വിചിന്തനങ്ങൾ

ഫെബ്രുവരി 24 മുതൽ ഏപ്രിൽ 12 വരെ അൻപതു നോമ്പിന്റെ ദിനങ്ങളിൽ മിശിഹാചരിത്രം ആയി ബന്ധപ്പെട്ട 50 ബൈബിൾ കഥാപാത്രങ്ങളെക്കുറിച്ച് യുവജനങ്ങളുടെ വിചിന്തനങ്ങൾ എഴുതി അയക്കുന്ന 'യുവ ഇൻസൈറ്റ്' - നോമ്പുകാല വിചിന്തന പരിപാടി സംഘടിപ്പിച്ചു. 30 ഓളം പേർ 50 ദിവസം തുടർച്ചയായി വിചിന്തനങ്ങൾ എഴുതി അയച്ചു. മികച്ച വിചിന്തനങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് 'ക്രിസ്ത്യാനി' എന്ന പേരിൽ ഒരു E - Book തയ്യാറാക്കി വരുന്നു. രൂപത സ്പിരിചൽ ടീമിന്റെ നേതൃത്വത്തിലാണ് പരിപാടി നടത്തിയത്. പെരിന്തൽമണ്ണ മേഖലയിൽനിന്നുള്ള നിരവധി യുവജനങ്ങൾ പങ്കെടുക്കുകയുണ്ടായി. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

### stay@home challanges

മാർച്ച് 29 മുതൽ ഏപ്രിൽ 26 വരെ ലോക് ഡൗൺ സമയത്ത് കുടുംബങ്ങളിലായിരിക്കുന്നവർക്ക് കുടുംബത്തെക്കുറിച്ചും സമുദായത്തെ ക്കുറിച്ചും വിശ്വാസജീവിതത്തെ പറ്റിയും വ്യക്തമായി ചിന്തിക്കാൻ 5 ആഴ്ചകളിൽ ആയി നടത്തിയ ചലഞ്ചിങ് പ്രോഗ്രാം വളരെ വിജയകരമായി നടന്നു. 60 തോളം കുടുംബങ്ങൾ ഈ ചലഞ്ചുകളിൽ പങ്കെടുത്തു. ഫാമിലി ഹിസ്റ്ററി വീക്ക്, ഹോളി വീക്ക്, ഫെയ്ത്ത് വീക്ക്, ഫണ്ണിവീക്ക് എന്നിങ്ങനെയായിരുന്നു ഘട്ടങ്ങൾ. കുടുംബ ചരിത്രത്തെക്കുറിച്ചും കുടുംബ പശ്ചാത്തലത്തെക്കുറിച്ചും കഴിഞ്ഞ നാല് തലമുറയിലെ പൂർവികരെകു റിച്ചും ഫാമിലി ഹിസ്റ്ററി ടൈം ലൈൻ, ഫാമിലി ട്രീ തുടങ്ങിയവയിലൂടെ വ്യക്തമായ ചിത്രം രൂപീകരിക്കാൻ ഈ പരിപാടിയിൽ പങ്കെടുത്തവർക്ക് സാധിച്ചു. അതോടൊപ്പം വിശുദ്ധ വാരത്തിലെ പഴയകാല ആചരണത്തെയും അതിന്റെ പ്രാധാന്യത്തെയും ഓർമ്മിപ്പിക്കാനും വിശ്വാസ ജീവിതത്തിലെ പഴയ തലമുറയുടെയും പുതിയ തലമുറയുടെയും വ്യതിരക്തതകൾ വ്യക്തമാക്കാനും ചലഞ്ചുകൾ ഏറ്റെടുത്ത് നടത്തിയവർക്ക് സാധിച്ചു. സമ്മാനാർഹരായവരുടെ പേരുകൾ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കെ.സി.വൈ.എം യൂട്യൂബ് ചാനലായ യുവദർശനിലൂടെ പ്രഖ്യാപിച്ചു.

### സമ്മാനത്തിന് അർഹരായവർ

#### ഫാമിലി ഹിസ്റ്ററി വീക്ക്

1. പീസൺ മുണ്ടുവാലത്തിങ്കൽ & ഫാമിലി താഴെക്കോട്
2. ജുവൽ ലോറൻസ് പള്ളിത്താഴത്ത് & ഫാമിലി, മുക്കം

3. റെജി ചിറയിൽ & ഫാമിലി, വലിയകൊല്ലി
3. ജിനേഷ് മാത്യു കമുകുംതോട്ടത്തിൽ & ഫാമിലി, മഞ്ഞുവയൽ

### ഹോളി വീക്ക്

1. ലീലാമ്മ വിൽസൺ ചിറയിൽ & ഫാമിലി, പാതിരിക്കോട്
2. ക്രിസ്റ്റൽ സുനിൽ ചക്കുങ്കൽ & ഫാമിലി, മരിയാപുരം
2. ജുവൽ ലോറൻസ് പള്ളിത്താഴത്ത് & ഫാമിലി, മുക്കം
3. സാനിയ മാത്യു ഇരട്ടയാനിക്കൽ & ഫാമിലി, കുണ്ടുതോട്
3. മെർലിൻ തോമസ് മുട്ടുങ്കൽ & ഫാമിലി, പരിയാപുരം

### ഫെയ്ത് വീക്ക്

1. അനുമോൾ മാത്യു കൊല്ലറുകുന്നേൽ & ഫാമിലി, മരിയാപുരം
2. അനൂപ് ചാക്കോ ആലയ്ക്കലകത്ത് & ഫാമിലി, കുണ്ടുതോട്
2. ജോബി തോമസ് പുത്തൻപുരയ്ക്കൽ & ഫാമിലി, താഴെക്കോട്
3. അനയ സണ്ണി വലിയകട്ടേൽ & ഫാമിലി, താമരശ്ശേരി
3. ടോണി അഗസ്റ്റിൻ പനച്ചിക്കൽ & ഫാമിലി, കൂരാച്ചുണ്ട്

### ഫണ്ണി & ഫൈനൽ വീക്ക്

1. റെജി ചിറയിൽ & ഫാമിലി, വലിയകൊല്ലി
2. അനൂപ് ചാക്കോ ആലയ്ക്കലകത്ത് & ഫാമിലി, കുണ്ടുതോട്
2. ജോബി തോമസ് പുത്തൻപുരയ്ക്കൽ & ഫാമിലി, താഴെക്കോട്
3. പീസൺ മുണ്ടുപാലത്തിങ്കൽ & ഫാമിലി, താഴേക്കോട്
3. അനുമോൾ മാത്യു കൊല്ലറുകുന്നേൽ & ഫാമിലി, മരിയാപുരം

### പ്രോത്സാഹനസമ്മാനങ്ങൾ

അജയൻ തടത്തരികത്ത് & ഫാമിലി, നൂറാംതോട്
സാന്ദ്ര സെബാസ്റ്റ്യൻ കൊച്ചുപറമ്പിൽ & ഫാമിലി, കോടഞ്ചേരി
അനു ചാക്കോ കടുത്താനം & ഫാമിലി, താഴെക്കോട്

### സ്പെഷ്യൽ സമ്മാനം

അനയ സണ്ണി വലിയകട്ടേൽ, താമരശ്ശേരി

### ബംബർ സമ്മാന വിജയി

ജുവൽ ലോറൻസ് പള്ളിത്താഴത്ത് & ഫാമിലി, മുക്കം

## VIP- വീട്ടിൽ ഇരുന്ന് പാടാം - Singing Contest

2020 ഏപ്രിൽ 6 ന് VIP വീട്ടിലിരുന്ന് പാടാം എന്ന് ഇൻസ്റ്റഗ്രാം പ്രോഗ്രാം സംഘടിപ്പിച്ചു. യുവ ഗായകരെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ നടത്തിയ ഓൺലൈൻ ക്രിസ്ത്യൻ ഭക്തിഗാന മത്സരം വലിയ വിജയമായിരുന്നു. വിവിധ രൂപതകളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമായി 560

ഓളം ഗായകർ ഒരു മിനിറ്റ് നീളമുള്ള ക്രിസ്തീയ ഭക്തിഗാനം പാടി കെ.സി.വൈ.എം ഇൻസ്റ്റഗ്രാം പേജിൽ പോസ്റ്റ് ചെയ്തു. ഏറ്റവും കൂടുതൽ ലൈക്ക് ലഭിച്ച ലറ്റീഷ ജോഷി, പെരിന്തൽമണ്ണ വിജയിയായി. 560 മത്സരാർത്ഥികളിൽ നിന്നും ഏറ്റവും മികച്ച 35 ഗായകരുടെ പേരുകളും പ്രഖ്യാപിച്ചിട്ടുണ്ട്. കെ.സി.വൈ.എം താമരശ്ശേരി രൂപത ട്രഷറർ റിച്ചാർഡ് ജോൺ ഈ പരിപാടിക്ക് നേതൃത്വം കൊടുത്തു.

## Tele Counselling

ഏപ്രിൽ ഒമ്പതാം തീയതി മുതൽ കോവിഡ് ഭയവും ആശങ്കകളും മാനസിക പ്രശ്നങ്ങളും അനുഭവിക്കുന്നവരെ സഹായിക്കാൻ ടെലി കൗൺസിലിങ് സംവിധാനമൊരുക്കി. ആറ് കൗൺസിലർമാർ ഈ പരിപാടിക്ക് നേതൃത്വം നൽകി.

## Fitness Challenge

ഏപ്രിൽ 24 മുതൽ മെയ് 5 വരെ "ആരോഗ്യത്തോടെയിരിക്കൂക, കോവിഡിനെ പ്രതിരോധിക്കൂ" എന്ന മുദ്രാവാക്യം മുൻനിർത്തി ശാരീരിക വ്യായാമത്തിലൂടെ കായിക ക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ഫിറ്റ്നസ് ചലഞ്ചുകൾ നടത്തി. ഓരോ ദിവസവും നൽകപ്പെടുന്ന എക്സർസൈസുകൾ കൂടുതൽ സമയം പൂർണ്ണതയിൽ ചെയ്യുന്നവർക്ക് സമ്മാനങ്ങൾ നൽകുന്ന ഒരു ഫിറ്റ്നസ് പ്രോഗ്രാം ആയിരുന്നു ഇത്.

### വിജയികൾ

### Push up Boys

1. Prince John, Karuvarakundu
2. Abin, Rerome-Wayanad

### Skipping Rope-Girls

1. Jeena Jose, Perinthalmanna
2. Simi Joseph, Manjuvayal

### Sit-Up Boys

1. Dn. Prabin Manni RCJ, Kiliyoor
2. Dn. Sijo Joseph, Koorachundu

### Sit-up -Girls

1. Simi Joseph, Manjuvayal

2 Jeena Jose, Perinthalmanna

### Plank - Boys

1. Dn. Sijo Mathew, Koorachund

2. Abin Mathew, Rerome, Wayanad

2. Alosh Paulson, Manjuvayal

### Plank - Girls

1. Dr. Stephy Sebastian, Malaparamba
2. Jeena Jose, Perinthalmanna

### Leg Rise - Boys

1. Prince John, Karuvarakundu
2. Abin Mathew, Rerome, Wayanad

### Leg Raise Girls

1. Stephy Sebastian, Malaparamba
2. Jeena Jose Perinthalmanna

### Special Prize

Aleyamma Joseph, Manjuvayal

### Superman Stretch Boys

1. Dn. Aneesh Mathew, Manjeri
2. Albin Mathew, Rerome

### Superman Stretch Girls

1. Dr. Stephy Sebastian, Malaparamba
2. Teena Jose, Perinthalmanna

### Wall Sit Boys

1. Alosh Paulson, Manjuvayal
2. Aneesh Mathew, Michaelgiri

### Wall Sit Girls

1. Teena Jose, Perinthalmanna
2. Aleena Alexander, Poilomchal

### Flemigo Balance - Gents

1. Benny V.G, Chembukadavu
2. Paulson Vargheese, Manjuvayal

### Flemigo Balance - Ladies

1. Titty Paulson, Manjuvayal
2. Lizy Nelson, Ashokapuram
3. Aleyamma Joseph, Manjuvayal

## Lock Down Help desk

അന്യസംസ്ഥാനങ്ങളിൽ കുടുങ്ങിയവരെ സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുവാൻ ഹെൽപ് ഡെസ്ക് ആരംഭിച്ചു. 120 ഓളം പേർ ഹെൽപ് ഡെസ്കിന്റെ സഹായം അഭ്യർത്ഥിച്ച് ഇതരസംസ്ഥാനങ്ങളിൽ നിന്നും വിവിധ രാജ്യങ്ങളിൽ നിന്നും ബന്ധപ്പെട്ടിരുന്നു. ഇതിൽ എൺപതോളം പേരെ കൃത്യമായി ഗൈഡ് ചെയ്ത് കേരളത്തിലെത്തിക്കാൻ ഹെൽപ്പ് ഡെസ്ക് വഴി സാധിച്ചു. 14 പേരെ കാസർകോട്, വാളയാർ അതിർത്തികളിൽ നിന്നും കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലേക്ക് സന്നദ്ധരായ യുവജനങ്ങളുടെ സഹായത്തോടെ വാഹനങ്ങളിൽ എത്തിക്കാനും സാധിച്ചു. സന്നദ്ധരായി ഗവൺമെന്റ് നിയമങ്ങൾ പാലിച്ചുകൊണ്ട് ഹെൽപ്പ് ഡെസ്ക് പ്രവർത്തനത്തിൽ പങ്കാളികളായ എല്ലാ യുവജനങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

## U Turn Challenge - ജൈവ പച്ചക്കറി തോട്ട നിർമ്മാണം

'പ്രകൃതിയിലേക്ക് ഒരു തിരിഞ്ഞു നടത്തം' എന്ന ആപ്തവാക്യം സ്വീകരിച്ച് യുവജനങ്ങളുടെ ഭവനങ്ങളിൽ ഒരു ജൈവ കൃഷിത്തോട്ടം ചലഞ്ച് ആരംഭിച്ചു. ഏകദേശം ആറായിരത്തിനു മുകളിൽ പച്ചക്കറി തോട്ടങ്ങൾ താമരശ്ശേരി രൂപതയിലെ യുവജനങ്ങൾ നിർമ്മിച്ചു. രൂപതസമിതി, 11 മേഖലസമിതികൾ, രൂപത - മേഖല - യൂണിറ്റ് ആനിമേറ്റേഴ്സ്, രൂപതയിലെ ബഹുഭൂരിപക്ഷം യൂണിറ്റുകളിലെയും യുവജനങ്ങൾ, മറ്റു വ്യക്തികൾ തുടങ്ങി നിരവധി പേർ കൃഷിത്തോട്ടം നിർമ്മിച്ച് മറ്റു മൂന്നുപേരെ ചലഞ്ച് ചെയ്യുന്നു എന്ന രീതിയിലാണ് പരിപാടി നടത്തിയത്.

## നഴ്സുമാർക്ക് ആദരം

മെയ് 12 അന്താരാഷ്ട്ര നേഴ്സ് ദിനത്തിന്റെ ഭാഗമായി ഭൂമിയിലെ മാലാഖമാരായ നഴ്സുമാരെ ആദരിച്ചു. ചക്കിട്ടപ്പാറ, പെരുവണ്ണാമൂഴി ഹെൽത്ത് സെന്ററുകളിലെ നഴ്സുമാരെ രൂപതാ പ്രസിഡണ്ട് വിശാഖ് തോമസ് പൊന്നാട അണിയിച്ചു. രൂപത ട്രഷറർ റിച്ചാർഡ് ജോൺ, മേഖലാ സമിതി അംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു.

## Twilight With Mary

മെയ് 13 മുതൽ 19 വരെ Twilight With Mary എന്ന പേരിൽ രൂപതാ റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ മാതാവിന്റെ വിവിധ പ്രത്യക്ഷീകരണങ്ങളുടെ ചരിത്രപശ്ചാത്തലവും സംഭവങ്ങളും ഉൾക്കൊള്ളുന്ന ഷോർട്ട് വീഡിയോകൾ തയ്യാറാക്കി ഒഫീഷ്യൽ യൂട്യൂബ് ചാനലായ യുവദർശൻ വഴി പ്രസിദ്ധീകരിച്ചു. രൂപതയിലെ റിസോഴ്സ് ടീമിന് പരിശീലനം നൽകുന്ന ബഹുമാനപ്പെട്ട ഷാന്തി പുതുശ്ശേരിയിൽ അച്ചന്റെയും മറ്റു റിസോഴ്സ് ടീം അംഗങ്ങളുടെയും കഠിനാധ്വാനത്തിന്റെ ഭാഗമായാണ് ഈ വീഡിയോകൾ തയ്യാറാക്കാൻ സാധിച്ചത്. എല്ലാദിവസവും വൈകിട്ട് ആറുമണിയോടുകൂടി കെ.സി.വൈ.എം യൂട്യൂബ്

ചാനലിൽ വീഡിയോകൾ അപ്ലോഡ് ചെയ്യുകയുണ്ടായി. അതോടൊപ്പം ഈ വീഡിയോകളെ ആസ്പദമാക്കിയും മാതാവിനെക്കുറിച്ചുള്ള പൊതു വിവരങ്ങളുടെ അടിസ്ഥാനത്തിലും ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിച്ചു. 44 പേർ മത്സരത്തിൽ പങ്കാളികളായി.

**വിജയികൾ**

**1st Prize**

Amala Joy, Malappuram

**2nd Prizes**

Stebin Thomas, Koorachund
Midhun George, Thiruvambady
Lisi John, Ashokapuram
Nidhin George, Thiruvambady
Jibin George, Thiruvambady

**3rd prizes**

Aleena Mathew, Kattippara
Ashily Theresa Mathew, Mariyapuram
Sheethal Rose Jose, Mariyapuram
Vipin Varghese, Mariyapuram
Jencila Wilson, Mylellampra

**കെ.സി.വൈ.എം. ടാസ്ക് ഫോഴ്സ് രൂപീകരിച്ചു**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നിർദ്ദേശപ്രകാരം രൂപതാ സമിതിയുടെ നേതൃത്വത്തിൽ നാനൂറോളം പേർ ഉൾക്കൊള്ളുന്ന ദുരന്തനിവാരണ സന്നദ്ധ സംഘടന ആരംഭിച്ചു. അടിയന്തര ഘട്ടങ്ങളിൽ ആവശ്യമായ സഹായങ്ങൾ എത്തിക്കാനും കൊറോണ കാലഘട്ടത്തിൽ ആവശ്യമായ സഹായ സഹകരണങ്ങൾ ഗവൺമെന്റിനും ആരോഗ്യപ്രവർ ത്തകർക്കും എത്തിക്കാനും കോവിഡിന് ശേഷമുള്ള പ്രതിസന്ധികളെ തരണം ചെയ്യാനുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കാനും ഈ സന്നദ്ധസംഘടനയിലൂടെ ഉദ്ദേശിക്കുന്നു. കോഴിക്കോട് അഡീഷണൽ കളക്ടറിന്റെ ആവശ്യപ്രകാരം കോവിഡ് ക്വാറൻന്റയിൽ കേന്ദ്രങ്ങളിൽ സന്നദ്ധ പ്രവർത്തനത്തിന് സേനാംഗങ്ങൾ തയ്യാറായി കൊണ്ടിരിക്കുന്നു. സന്നദ്ധസേന അംഗങ്ങൾ ഇതര സംസ്ഥാനങ്ങളിൽ നിന്നുവന്നവരെ വീടുകളിൽ എത്തിക്കാൻ സഹായിച്ചിരുന്നു. ഒരു ഇടവകയിൽ നിന്നും അഞ്ച് പേർ എന്ന കണക്കിലാണ് സേനാംഗങ്ങളെ സ്വീകരിച്ചിരിക്കുന്നത്.

### ജൈവ മഞ്ഞൾ കൃഷി

ജൂൺ 5 പരിസ്ഥിതിദിന ആഘോഷത്തിന്റെ ഭാഗമായി രൂപതാ സമിതിയുടെ നേതൃത്വത്തിൽ ഇടവിള കൃഷി ആരംഭിച്ചു. രൂപതയുടെ തെയ്യപ്പാറ എസ്റ്റേറ്റിൽ മുവ്വായിരത്തി അഞ്ഞൂറോളം മഞ്ഞൾ വിത്തുകൾ നടുകയുണ്ടായി. രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടി യിൽ, രൂപതാ പ്രസിഡന്റ് വിശാഖ് തോമസ്, സംസ്ഥാന സെനറ്റ് മെമ്പർ ടിബിൻ അഗസ്റ്റിൻ, രൂപത എക്സി. ഷെറിൻ വിലങ്ങാട് തുടങ്ങിയവർ നേതൃത്വം നൽകി.

### കെ.സി.വൈ.എം. ന് കർഷക കോൺഗ്രസിന്റെ ആദരം

ജൂൺ 5 Uturn ചലഞ്ചിന് അംഗീകാരം എന്ന നിലയിൽ കർഷക കോൺഗ്രസ് തിരുവമ്പാടി നിയോജകമണ്ഡലം ഭാരവാഹികൾ കെ.സി.വൈ.എം താമരശ്ശേരി രൂപതയെ ആയിരം ഫലവൃക്ഷത്തൈകളും പച്ചക്കറി തൈകളും നൽകി ആദരിച്ചു. കർഷക കോൺഗ്രസ് തിരുവമ്പാടി നിയോജകമണ്ഡലം പ്രസിഡന്റ് ജമീഷ് ഉളംതുരുത്തിയിൽ, ശ്രീ. ജോസഫ് പുലക്കുടിയിൽ, രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ രൂപതാ പ്രസിഡന്റ് വിശാഖ് തോമസ്, രൂപത ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ, സുബിൻ തയ്യിൽ, ഷെറിൻ വിലങ്ങാട് തുടങ്ങിയവർ സംബന്ധിച്ചു.

### മേഖലാ ഡയറക്ടർമാർക്ക് ഹൃദയപൂർവ്വം നന്ദി

കഴിഞ്ഞ കാലങ്ങളിൽ കെ.സി.വൈ.എം മേഖല സമിതികൾക്ക് ശക്തമായി നേതൃത്വം നൽകി സ്ഥലം മാറി പോകുന്ന തോട്ടുമുക്കം മേഖലാ ഡയറക്ടർ ആന്റണി വരകിൽ അച്ചനും, കൂരാച്ചുണ്ട് മേഖല ഡയറക്ടർ ജേക്കബ് കപ്പലുമാക്കലച്ചനും, കരുവാരകുണ്ട് മേഖല ഡയറക്ടർ ബോബി മഴുവഞ്ചേരി അച്ചനും, മലപ്പുറം മേഖല ഡയറക്ടർ ജോർജ്ജ് വെള്ളാരംകാലയിൽ അച്ചനും, വിലങ്ങാട് മേഖല ഡയറക്ടർ പോൾ പൂവത്തിങ്കലച്ചനും, മരുതോങ്കര മേഖല ഡയറക്ടർ ആന്റണി ചെന്നിക്കരയച്ചനും രൂപതാ സമിതിയുടെയും രൂപതയിലെ മുഴുവൻ യുവജനങ്ങളുടെയും ആനിമേറ്റേഴ്സിന്റെയും മറ്റു ഡയറക്ടർ അച്ചന്മാരുടെയും പേരിൽ ഹൃദയംഗമമായ നന്ദി. കടന്ന് ചെല്ലുന്ന പുതിയ പ്രവർത്തന മേഖലകളിൽ വിജയം നേടാനാവട്ടെയെന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

### തോമസ്മൂർ ദിനാചരണം

ജൂൺ 22 ന് കെ.സി.വൈ.എം. സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ തോമസ്മൂറിന്റെ സ്മരണാ ദിനം താമരശ്ശേരി ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് വിശാഖ് തോമസ് പതാക ഉയർത്തി പരിപാടി സംസ്ഥാന വൈസ് പ്രസിഡന്റ് ലിമിന ജോർജ് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, രൂപത ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ, സംസ്ഥാന സിൻഡിക്കേറ്റ് മെമ്പർ തേജസ് മാത്യു എന്നിവർ

സംസാരിച്ചു. ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ 12 പേർ മാത്രമാണ് ചടങ്ങിൽ സംബന്ധിച്ചത്.

## മറ്റുപരിപാടികൾ

- മെയ് 6 ന് കോവിഡിനോടനുബന്ധിച്ച് കാലത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന പോലീസുകാർക്ക് കുടിവെള്ളം വിതരണം ചെയ്തു. രൂപതാ പ്രസിഡന്റ് വിശാഖ് തോമസ് മരുതോങ്കര മേഖലാ പ്രസിഡന്റ് ജിബിൻ ചുണ്ടയിൽ തുടങ്ങിയവർ നേതൃത്വം നൽകി.
- മെയ് 9 ലോക്ഡൗൺ കാലത്തെ വിഷമം അനുഭവിക്കുന്നവർക്ക് പച്ചക്കറി കിറ്റ് വിതരണം ചെയ്തു. രൂപതാ പ്രസിഡന്റ് വിശാഖ് തോമസ്, മരുതോങ്കര മേഖലാ പ്രസിഡന്റ് ജിബിൻ ചുണ്ടയിൽ തുടങ്ങിയവർ നേതൃത്വം നൽകി.
- മെയ് 22 മുതൽ 30 വരെ പന്തക്കുസ്ത ഒരുക്ക നൊവേന നടത്തി. ഓൺലൈനിലൂടെ നിർദ്ദേശങ്ങൾ നൽകിയും പിഡിഎഫ് ഫോർമാറ്റുകൾ അയച്ചു നൽകിയും രൂപത സ്പിരിചൽ ടീം നേതൃത്വം നൽകി.
- ജൂൺ 14 രക്തദാനത്തോട് അനുബന്ധിച്ച് മേഖലകളിൽ ബ്ലഡ് ഡോണേഴ്സ് ആർമി ആരംഭിച്ചു.

## അറിയിപ്പുകൾ

1 കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ ഹെയർ ഡൊണേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. ക്യാൻസർ രോഗികൾക്ക് വിഗ് നിർമാണത്തിനു വേണ്ടി ഇവ ഉപയോഗിക്കുന്നതാണ്. താല്പര്യമുള്ളവർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

2 ഈ വർഷത്തെ പുതിയ ഇലക്ഷൻ സെപ്റ്റംബർ മാസത്തിൽ നടക്കേണ്ടതാണ്. കോവിഡ് പശ്ചാത്തലത്തിൽ ഇലക്ഷന് സമയക്രമീകരണം മാറ്റി നടത്തുമെന്ന് മുൻകൂട്ടി അറിയിക്കുന്നു. പഴയ ഭാരവാഹികൾ അതുവരെ തുടരേണ്ടതാണ്.

3 ഈ വർഷം ഒക്ടോബറിൽ നടത്താനിരുന്ന എലീസിയൻ 2020 യുവജന കൺവെൻഷൻ മാറ്റിവെച്ചതായി അറിയിക്കുന്നു.

4 ലോക്ക്ഡൗണിനോട് അനുബന്ധിച്ച് നടത്തിയ പരിപാടികളുടെ സമ്മാനവിതരണം ഏറ്റവും അനുയോജ്യമായ ഒരു സാഹചര്യത്തിൽ നടത്തുന്നതാണ് അറിയിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# ആദരാഞ്ജലികൾ



## സി. എസ്തേർ സി. എം. സി

പാലാ രൂപതയിലെ കുടക്കച്ചിറ ഇടവകയിൽ കീരമ്പനാൽ കുടുംബത്തിൽ ജോസഫ് – ത്രേസ്യാ ദമ്പതികളുടെ എട്ടുമക്കളിൽ മൂന്നാമത്തെ മകളായി 1934 ആഗസ്റ്റ് 13 ന് സി. എസ്തേർ ജനിച്ചു. 1956 ൽ പാലാ സെന്റ് മേരീസ് ഹൈസ്കൂളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കിയ മറിയം 1956 ജൂലൈ 16 ന് കൂടരഞ്ഞി മഠത്തിലെ ആദ്യ അംഗങ്ങളിൽ ഒരാളായി മഠത്തിൽ ചേർന്നു. പാലാ പ്രൊവിൻസിലെ കലൂർ മഠത്തിൽനിന്നും നൊവിഷ്യേറ്റ് പൂർത്തിയാക്കിയ മറിയം 1957 മെയ് 27 ന് ആദ്യവ്രതവാഗ്ദാനവും 1961 മെയ് 28 ന് നിത്യവ്രതവാഗ്ദാനവും നടത്തി, സി. എസ്തേർ എന്ന നാമം സ്വീകരിച്ചു. 1961 ജൂലൈ 16 ന് കൂടരഞ്ഞി സ്കൂളിൽ ക്രാഫ്റ്റ് ടീച്ചറായി സേവനം ആരംഭിച്ചു. കൂടരഞ്ഞി, നെല്ലിക്കാംപൊയിൽ, എടൂർ ഇടവകകളിലായി 28 വർഷക്കാലം അധ്യാപികയായി സേവനം ചെയ്ത എസ്തേറമ്മ അധ്യാപികയെന്ന നിലയിൽ വിദ്യാർത്ഥികളുടെ മനസ്സിൽ മായാത്ത മുദ്ര പതിപ്പിച്ച വ്യക്തിയാണ്.

ആദ്രമായ സ്നേഹത്തോടും അമ്മമനസ്സിന്റെ നന്മയോടും കൂടി വിദ്യാർത്ഥികളെ മനസ്സിലാക്കുകയും സ്നേഹിക്കുകയും ചെയ്ത സിസ്റ്റർ കുട്ടികളുടെ കുടുംബങ്ങളുമായി ആഴമായ ബന്ധം പുലർത്തിയിരുന്നു. ആഴമായ പ്രാർത്ഥനയും ധ്യാനാത്മകജീവിതവും സ്വന്തമാക്കിയ സിസ്റ്ററിന്റെ ചുറ്റും പ്രാർത്ഥനതേടിയെത്തുന്ന വിദ്യാർത്ഥികളുടെ ഒരു സമൂഹം എന്നും ഉണ്ടായിരുന്നു. വിശ്വാസപരിശീലനം, സംഘടനാപ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെയെല്ലാം ആത്മാക്കളുടെ രക്ഷയ്ക്കായി അദ്ധ്വാനിച്ച സിസ്റ്ററിന് ദൈവസ്നേഹത്തിന്റെ അനുഭവങ്ങളെ പറയാനുണ്ടായിരുന്നുള്ളൂ.

പാവങ്ങളോടും പാവപ്പെട്ടവരോടും പ്രത്യേകപരിഗണന പുലർത്തിയിരുന്ന സിസ്റ്ററിന് ഇടവകയിലെ എല്ലാ അമ്മമാരും സുഹൃത്തുക്കളായിരുന്നു. യാത്രാസൗകര്യം അല്പംപോലും ഇല്ലാതിരുന്ന കാലത്തും ഏറെ കഷ്ടപ്പെട്ട് രോഗീസന്ദർശനത്തിനും പ്രാർത്ഥനയ്ക്കുമായി വീടുകളിൽ എത്തിയിരുന്ന സിസ്റ്റർ കുടിയേറ്റനാളുകളിലെ കുടുംബങ്ങൾക്ക് ഏറെ കരുത്ത് പകർന്നിട്ടുണ്ട്. കൂടരഞ്ഞി, നെല്ലിക്കാംപൊയിൽ, എടൂർ, ധർമ്മസ്ഥലം, പുഷ്പഗിരി, ചാവറഭവൻ, ചാവറ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ സ്തുത്യർഹമായ സേവനം ചെയ്ത സിസ്റ്റർ സഭാസ്നേഹത്തിനും വിശ്വസ്തമായ സമർപ്പണജീവിതത്തിനും ഇളംതലമുറയ്ക്കുമുമ്പിൽ

ഏറെ അനുകരണീയമായ മാതൃകയാണ്. പരാതിയോ പരിഭവമോ കൂടാതെ രോഗ ങ്ങളും വേദനകളും കൈനീട്ടി വാങ്ങിയ സി. എസ്തേർ 21.06.2020 ന് നിത്യതയി ലേക്ക് വിളിക്കപ്പെട്ടു. അന്നു തന്നെ വൈകുന്നേരം 5 മണിക്ക് കൂടരഞ്ഞി പള്ളി സിമിത്തേരിയിൽ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ കാർമ്മികത്വത്തിൽ സംസ്കാര കർമ്മം നടത്തപ്പെട്ടു. സി. എസ്തേറിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

ALPHA Inspire to illumine
Managed by Diocese of Thamarassery

# ആൽഫ മരിയ അക്കാദമി

## ആൽഫ മരിയ അക്കാദമിയുടെ ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചു

തിരുവമ്പാടി: ആൽഫ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ 2020-2021 ലെ വിവിധ കോഴ്സുകളിലേക്കുള്ള ഓൺലൈൻ ക്ലാസുകളുടെ അഡ്മിഷൻ ആരംഭിച്ചു.

മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാരംഗത്ത് ഇന്ത്യ യിലെ മികച്ച സ്ഥാപനങ്ങളിലൊന്നായ ബ്രില്യന്റ് പാലായുടെ നേതൃത്വത്തി ലായിരിക്കും ജൂലൈയിൽ നടക്കുന്ന എൻട്രൻസ് പരീക്ഷയ്ക്കുള്ള ഓൺ ലൈൻ ക്രാഷ് കോഴ്സ്.

2020 ഒക്ടോബറിൽ പി.എസ്.സി നടത്തുന്ന സ്റ്റാഫ് നഴ്സ് (DHS) പരീക്ഷയ്ക്കുള്ള പരിശീലനം, യു.പി., ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തി വരുന്ന സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സുകളിലേക്കുള്ള ക്ലാസുകളും, പ്ലസ് വൺ, പ്ലസ് ടു എൻട്രൻസ് ഓറിയന്റഡ് പരിശീലനവും ട്യൂഷനും ഓൺലൈനായി കൊടുക്കുന്നു. വിവിധ കോഴ്സുകളും അവ തുടങ്ങുന്ന ദിവസവും താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | Crash Course (NEET & KEAM) | - 24.06.2020 |
| 2 | Plus One Plus Two Science Entrance Oriented Tution | - 04.07.2020 |
| 3 | Civil Service Oriented Foundation course | - 02.08.2020 |
| 4 | PSC Staff Nurse (DHS) | - 24.06.2020 |

കൂടുതൽ വിവരങ്ങൾക്ക് 0495-2252180, 9497567689, 8547153669, 9747111120

തിരുവമ്പാടി: ഒമ്പത് വർഷത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം ആൽഫ മരിയ അക്കാദമിയുടെ ഡയറക്ടർ സ്ഥാനത്തു നിന്നും മുക്കം ഇടവക

വികാരിയായി സ്ഥലം മാറി പോകുന്ന ഫാ. തോമസ് പുതിയാപറമ്പിൽ അച്ചന് ആൽഫ മരിയ കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# കരിസ്മാറ്റിക് മൂവ്മെന്റ്

**2020 ജൂൺ മാസത്തെ റിപ്പോർട്ട്**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കൂട്ടായ്മകൾ സാധ്യമല്ലാത്ത തിനാൽ കുടുംബ പ്രാർത്ഥനയിലും, വ്യക്തിപരമായ പ്രാർത്ഥനയിലും മുന്നോട്ടുപോകുന്നു. 2020 താമരശ്ശേരി രൂപത കുടുംബവർഷമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി ജൂൺ മാസത്തിൽ കരിസ്മാറ്റിക് മൂവ്മെന്റ് കുടുംബത്തിന്റെ നവീകരണത്തെ ലക്ഷ്യം വച്ച് പ്രാർത്ഥിക്കുന്നു.

1 എല്ലാ ദിവസവും ദിവ്യബലിയിൽ പങ്കെടുത്തുകൊണ്ട് കുടുംബനവീകരണത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു.

2 സന്ധ്യാപ്രാർത്ഥന കുടുംബാംഗങ്ങൾ ഒരുമിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു. രൂപത തയ്യാറാക്കിയ പ്രാർത്ഥന മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നു.

3 എല്ലാ ദിവസവും രാത്രി 9.30 മുതൽ (അല്ലെങ്കിൽ സൗകര്യപ്രദമായ സമയത്ത്) ജപമാല ചൊല്ലി എല്ലാ കുടുംബാംഗങ്ങൾക്കുവേണ്ടിയും വൈദികർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു.

4 സാധിക്കുന്നവർ ദൈവാലയത്തിൽ ഒരു മണിക്കൂർ ആരാധന നടത്തി പ്രാർത്ഥിക്കുന്നു.

കൂടാതെ 2022 ജൂബിലി ആഘോഷത്തിന്റെ ഒരുക്കമായി 1000 ദിവസത്തെ ചെയിൻ പ്രാർത്ഥനയിൽ കോഴിക്കോട് സോണും പങ്കുചേരുന്നു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# മലബാർ ലേബർ മൂവ്മെന്റ്

## കോവിഡ് 19 ധനസഹായം

ഇന്ന് നമ്മൾ നേരിട്ടു കൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണല്ലോ കോവിഡ്-19. ഈ കാലഘട്ടത്തിൽ കേരള ഗവൺമെന്റിന്റെ വിവിധ ക്ഷേമനിധി പദ്ധതികളിൽ ഉൾപ്പെട്ട അംഗങ്ങൾക്കായി കോവിഡ് 19 ധനസഹായം സർക്കാർ പ്രഖ്യാപിച്ചിട്ടു ണ്ടായിരുന്നു. ഇതിൽ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിങ്ങനെ വിവിധ ക്ഷേമനിധികളിൽ ഉൾപ്പെട്ടിരിക്കുന്നവർക്കായി സർക്കാർ ധനസഹായം ലഭിക്കുന്നതിനു വേണ്ട കാര്യങ്ങൾ നിർവഹിച്ചു. വിവിധ ക്ഷേമനിധികളിലായി ആയിരത്തി ഇരുന്നൂറ്റമ്പത് അംഗങ്ങൾക്ക് ധനസഹായം ലഭിക്കുകയുണ്ടായി.

## സുരക്ഷാ നിധി

കാർഷിക മേഖലയിലും മറ്റു മേഖലകളിലും പ്രവർത്തിക്കുന്ന താമരശ്ശേരി രൂപത അതിർത്തിക്കുള്ളിലുള്ള അസംഘടിതരായ വ്യക്തികൾക്കു വേണ്ടിയുള്ള മരണാനന്തര സഹായ പദ്ധതിയാണിത്. KLM സുരക്ഷാ നിധി അംഗങ്ങളായിരിക്കുന്ന വ്യക്തികൾ പരസ്പരമുള്ള സാഹോദര്യത്തോടെ, മരണമടയുന്ന സുരക്ഷാ നിധി അംഗങ്ങളുടെ മൃത സംസ്കാര ശുശ്രൂഷകൾക്ക് നൽകുന്ന സംഭാവനയാണ് സുരക്ഷാ നിധി.

09/06/2020 ന് നമ്മുടെ രൂപതയിലെ മഞ്ഞക്കുന്ന് ഇടവകയിൽ നിന്നും ആകസ്മികമായി മരണമടഞ്ഞ ജോർജ്ജ് ജോസഫ് ചൂരപ്പൊയ്കയിലിന്റെ കുടുംബത്തിന് സുരക്ഷാനിധി സഹായമായ 25,000 രൂപ മഞ്ഞക്കുന്ന് വികാരി അച്ചൻ മുഖേന നല്കി. അദ്ദേഹത്തിന്റെ വേർപാടിൽ ദു:ഖിതരായ പ്രിയപ്പെട്ടവർക്ക് കെ.എൽ.എം കുടുംബത്തിന്റെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

**ഫാ. ജയ്സൺ കാരക്കുന്നേൽ**
ഡയറക്ടർ, മലബാർ ലേബർ മൂവ്മെന്റ്

# അജപാലനക്കുറിപ്പുകൾ

**ഏപ്രിൽ 2020**

03 വൈകുന്നേരം, മേരിക്കുന്ന് സി.എം.ഐ. സെന്റ് തോമസ് മൗണ്ടിൽ ബഹു. ഫാ. സേവ്യർ പുല്ലങ്കാവുങ്കലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

05 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ലോക്ഡൗൺ നിയന്ത്രണങ്ങൾ പാലിച്ച് ഓശാനഞായർ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി. ബഥാനിയ വിഷനിലൂടെ സംപ്രേക്ഷണം ചെയ്തു.

08 രാവിലെ,മെത്രാഭിഷേകദിനത്തിന്റെ 10-ാം വാർഷികത്തോടനു ബന്ധിച്ച് അൽഫോൻസ ഭവനിൽ അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിനോടൊപ്പം കൃതജ്ഞതാ ബലിയർപ്പിച്ചു.

09 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ലോക്ഡൗൺ നിയന്ത്രണങ്ങൾ പാലിച്ച് പെസഹാതിരുനാൾ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി. ഓൺലൈൻ സംപ്രേക്ഷണത്തിന് ബഥാനിയ വിഷൻ സഹായിച്ചു.

10 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ലോക്ഡൗൺ നിയന്ത്രണങ്ങൾ പാലിച്ച് ദുഃഖവെള്ളി തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി.

ഉച്ചകഴിഞ്ഞ്, കത്തീഡ്രൽ ദൈവാലയത്തിൽ ലോക്ഡൗൺ നിയന്ത്രണങ്ങൾ പാലിച്ച് കുരിശിന്റെ വഴിക്ക് നേതൃത്വം നല്കി.

11 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ദുഃഖശനി തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി.

12 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ഉയിർപ്പുതിരുനാൾ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി.

20 രാവിലെ, ഈരൂട് വിയാനി പ്രീസ്റ്റ് ഹോമിൽ ബഹു. ജേക്കബ് പുത്തൻപുരയിലച്ചന് രോഗീലേപനം നൽകി.

23 രാവിലെ, വി. ഗീവർഗീസ് സഹദായുടെ തിരുനാളിനോട നുബന്ധിച്ച് അൽഫോൻസഭവനിൽ അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിനോട് ചേർന്ന് ജോർജ് നാമധാരികളായ ബഹു. മുണ്ടനാട്ട് ജോർജ്ജ്, ബഹു. വെള്ളയ്ക്കാക്കുടിയിൽ ജോർജ്ജ് എന്നീ വൈദികരോടൊപ്പം ദിവ്യബലിയർപ്പിച്ച് ആശംസകൾ നേർന്നു.

28 രാവിലെ, രൂപതാദിനത്തോടനുബന്ധിച്ച് രൂപതാഭവനിലെ എല്ലാ വൈദികരും അൽഫോൻസ ഭവനിൽ അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിനോട് ചേർന്ന് ദിവ്യബലിയർപ്പിച്ച് നന്ദി പറഞ്ഞു പ്രാർത്ഥിച്ചു.

29 മരഞ്ചാട്ടി ഇടവകയിൽ ഒരു മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി.

**മെയ് 2020**

02 രാവിലെ, എ.കെ.സി.സി.യുടെ ഭാരവാഹികളുമായി വെബ് മീറ്റിംഗ് നടത്തി.

03 സീറോ മലബാർ സഭയുടെ മെത്രാന്മാരുടെ വെബ് കോൺഫറൻസിൽ പങ്കെടുത്തു.

04 രാവിലെ, രൂപതയിലെ ഫൊറോന വികാരിമാരുമായി വെബ് കോൺഫറൻസ് നടത്തി.

05 രാവിലെ, ഈരൂട് വിയാനി പ്രീസ്റ്റ് ഹോമിൽ ബഹു. ജോൺ പനയ്ക്കപ്പിള്ളിയച്ചന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പ് പ്രാർത്ഥിച്ചു.

06 തിരുവമ്പാടി, വിലങ്ങാട് ഫൊറോനകളിലെ വൈദികരുമായി വെബ് മീറ്റിംഗ് നടത്തി.

07 കരുവാരകുണ്ട്, പാറോപ്പടി ഫൊറോനകളിലെ വൈദികരുമായി വെബ് മീറ്റിംഗ് നടത്തി.

08 മരുതോങ്കര, മലപ്പുറം ഫൊറോനകളിലെ വൈദികരുമായി വെബ് മീറ്റിംഗ് നടത്തി.

09 രാവിലെ, സീറോ മലബാർ സഭ കേന്ദ്രത്തിൽ നിന്നും നടത്തപ്പെട്ട മേജർ സെമിനാരി കമ്മീഷൻ അംഗങ്ങളുടെ വെബ് കോൺഫറൻസിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ് കൂടത്തായ് ഇടവക ദൈവാലയത്തിൽ പരേതനായ ബഹു. ഫാ. ജോർജ് കാശാംകുളം സി.എം.ഐ.യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

10 രാവിലെ, പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ ദിവ്യബലിയർപ്പിച്ചു. ബഥാനിയ വിഷനിലൂടെ വി. കുർബാന തത്സമയം സംപ്രേക്ഷണം ചെയ്തു.

11 താമരശ്ശേരി, കോടഞ്ചേരി ഫൊറോനകളിലെ വൈദികരുമായി വെബ് മീറ്റിംഗ് നടത്തി.

12 ഉച്ചകഴിഞ്ഞ്, എ.കെ.സി.സി. വർക്കിംഗ് കമ്മിറ്റിയംഗങ്ങളുമായി വെബ് കോൺഫറൻസ് നടത്തി.

വൈകിട്ട്, ബഹു. ജേക്കബ് പുത്തൻപുരയിലച്ചൻ മേരിക്കുന്ന് ഹോസ്പിറ്റലിൽ നിര്യാതനായി. ഹോസ്പിറ്റലിൽ എത്തി അച്ചനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

13 രാവിലെ, വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ സ്വമാതാവിന്റെ 8-ാം ചരമവാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ്, ഈരൂട് ഇടവക ദൈവാലയത്തിൽ ബഹു. ജേക്കബ് പുത്തൻപുരയിലച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവ് ശുശ്രൂഷകൾക്ക് പ്രധാന കാർമ്മികനായി.

വൈകിട്ട്, വിളക്കാംതോട് ഇടവക ദൈവാലയത്തിൽ പരേതനായ ജോസഫ് കൊച്ചുകൈപ്പേലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

17 കുന്നോത്ത് മേജർ സെമിനാരി കമ്മീഷൻ അംഗങ്ങൾ സെമിനാരി സ്റ്റാഫ് അംഗങ്ങളുമായി വെബ് കോൺഫറൻസ് നടത്തി.

18 വൈകിട്ട്, പനംപ്ലാവ് ഇടവക ദൈവാലയത്തിൽ ഇടിമിന്നലേറ്റ് മരിച്ച ജോഫിൻ വാകാനിപ്പുഴയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

19 രാവിലെ, മേജർ സെമിനാരി വൈദികവിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി.

വൈകിട്ട്, രൂപതാഭവനിൽ 5 വർഷം സേവനം ചെയ്ത സി. എൽസീന എസ്.സി.വി. യുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

20 മേജർ സെമിനാരി വൈദികവിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചകഴിഞ്ഞ്, കണ്ണോത്ത് ഇടവക ദൈവാലയത്തിൽ ബഹു. ഫാ. അഗസ്റ്റിൻ കിഴുക്കരക്കാട്ടിന്റെ സഹോദരൻ പരേതനായ ജോസഫ് കിഴുക്കരക്കാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

21 മേരിക്കുന്ന് തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ ഏതാനും സന്യാസാർത്ഥിനികളുടെ പ്രഥമവ്രത വാഗ്ദാനകർമ്മത്തിന് കാർമ്മികത്വം വഹിച്ചു.

22 ഫൊറോന വികാരിമാരുമായി വെബ് മീറ്റിംഗ് നടത്തി.

23 രാവിലെ, എസ്.എ.ബി.എസ് പ്രൊവിൻഷ്യൽ ഹൗസിൽ ഏതാനും സന്യാസാർത്ഥിനികളുടെ പ്രഥമവ്രത വാഗ്ദാനകർമ്മത്തിന് നേതൃത്വം നല്കി.

ഉച്ചകഴിഞ്ഞ്, അമലാപുരി ഇടവക ദൈവാലയത്തിൽ ഒരു വിവാഹവാഗ്ദാന ചടങ്ങിന് കാർമ്മികത്വം വഹിച്ചു.

24 രാവിലെ, പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ ദിവ്യബലിയർപ്പിച്ചു. ബഥാനിയ വിഷനിലൂടെ വി. കുർബാന തത്സമയം സംപ്രേക്ഷണം ചെയ്തു.

26 ഊരകം അൽഫോൻസ സ്കൂൾ ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

29 രാവിലെ, കോഴിക്കോട്, നിര്യാതനായ ശ്രീ. എം.പി. വീരേന്ദ്രകുമാറിന് അദ്ദേഹത്തിന്റെ വസതിയിൽ ചെന്ന് ആദരാഞ്ജലികൾ അർപ്പിച്ചു.

30 അൽഫോൻസ മൈനർ സെമിനാരിയിൽ വൈദിക പരിശീലനത്തിലായിരിക്കുന്ന ഏതാനും വൈദികാർത്ഥികൾക്ക് വൈദികവസ്ത്രം നല്കി.

ഉച്ചകഴിഞ്ഞ്, ചക്കിട്ടപ്പാറ ഇടവകയിൽ ഇടവകാംഗങ്ങൾ നിർമ്മിച്ചു നല്കിയ ഭവനം വെഞ്ചരിച്ചു.

വൈകിട്ട്, തലയാട് ഇടവകയിൽ ഇടവകാംഗങ്ങൾ നിർമ്മിച്ചു നല്കിയ ഭവനം വെഞ്ചരിച്ചു.

31 രാവിലെ, പന്തക്കുസ്ത തിരുനാളിനോടനുബന്ധിച്ച് ബഥാനിയ ധ്യാനകേന്ദ്രത്തിൽ ദിവ്യബലിയർപ്പിച്ചു. ബഥാനിയ വിഷനിലൂടെ സംപ്രേക്ഷണം ചെയ്തു.

**ജൂൺ 2020**

01 രാവിലെ, ചേവായൂർ പ്രസന്റേഷൻ പ്രൊവിൻഷ്യൽ ഹൗസിൽ ഏതാനും സന്യാസിനികളുടെ പ്രഥമ വ്രതവാഗ്ദാനത്തിനും ഏതാനും സന്യാസിനികളുടെ നിത്യവ്രത വാഗ്ദാനത്തിനും കാർമ്മികത്വം വഹിച്ചു.

02 രാവിലെ, രൂപതാഭവനിൽ വെച്ച് നടന്ന ദീപിക കോഴിക്കോട് റീജിണലിലെ വിവിധ വിഭാഗങ്ങളുടെ തലവന്മാരുമായി കൂടിക്കാഴ്ച നടത്തി.

03 രാവിലെ, ചെലവൂർ സി.എസ്.ടി. പ്രൊവിൻഷ്യൽ ഹൗസിൽ വൈദികാർത്ഥികൾക്ക് ഹെവുപദ്യാക്കോൻ പട്ടവും മ്ശംശാന പട്ടവും നല്കി.

ഉച്ചകഴിഞ്ഞ്, ഓൺലൈൻ മാധ്യമത്തിലൂടെ ഇൻഫാം എക്സിക്യൂട്ടീവ് മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു.

04 രാവിലെ, താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ വൈദികാർത്ഥികൾക്ക് കാറോയ പട്ടവും ഹെവുപദ്യാക്കോൻ പട്ടവും നല്കി.

ഉച്ചകഴിഞ്ഞ്, വെറ്റിലപ്പാറ ഇടവകയിൽ 2018 കാലവർഷ കെടുതിയിൽ ഭവനം നഷ്ടപ്പെട്ട നാല് കുടുംബങ്ങൾക്ക് രൂപതയുടെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകിയ ഭവനങ്ങളുടെ വെഞ്ചരിപ്പ് കർമ്മം നടത്തി.

05 രാവിലെ, ദീപിക അപക്സ് ബോർഡ് അംഗങ്ങളുടെ വെബ് മീറ്റിംഗിൽ സംബന്ധിച്ചു.

06 ഉച്ചകഴിഞ്ഞ്, കൂത്താട്ടുകുളം, വടകര ഇടവകയിൽ ബഹു. അബ്രാഹം പുളിഞ്ചുവട്ടിലച്ചന്റെ മാതാവ് പരേതയായ മറിയം ജോണിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

07 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ മതബോധന വർഷാരംഭത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ച് മതബോധനവർഷം ഉദ്ഘാടനം ചെയ്തു.

കുന്ദമംഗലം ഇടവകയിൽ ഇടവകാംഗങ്ങളുടെ നേതൃത്വത്തിൽ സ്വന്തമായി ഭവനമില്ലാത്ത നാല് കുടുംബങ്ങൾക്ക് നിർമ്മിച്ചു നൽകിയ സെന്റ് ജോസഫ് കാരുണ്യ ഭവനങ്ങളുടെ വെഞ്ചരിപ്പ് കർമ്മം നടത്തി.

08 കോവിഡ് 19 വ്യാപനത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച ലോക്ഡൗണിന് ശേഷം ദൈവാലയങ്ങൾ തുറക്കുന്നതു സംബന്ധിച്ച് ഓൺലൈനിലൂടെ ഫൊറോന വികാരിമാരുമായി ചർച്ച നടത്തി.

09 പെരുവണ്ണാമൂഴി ശാലോം ടെലിവിഷൻ സെന്റർ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

10 രാവിലെ, താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ പുതുതായി സെമിനാരിയിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ സംഗമത്തിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുകയും തുടർന്ന് അവരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

11 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിപ്പിതാവിന്റെ 26-ാം ചരമവാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

13 രാവിലെ, ദേവഗിരിയിൽ എഫ്.സി.സി. സന്യാസിനി സമൂഹത്തിന്റെ നവീകരിച്ച ഭവനം വെഞ്ചരിച്ചു.

രാവിലെ, ചേവരമ്പലം സ്റ്റാർട്ടിൽ പുതിയ അദ്ധ്യായനവർഷം ഉദ്ഘാടനം ചെയ്തു.

രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനം നടത്തുന്ന അഞ്ച് വൈദികാർത്ഥികൾക്ക് മ്ശംശാനപട്ടം നല്കി.

14 രാവിലെ, പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ ദിവ്യബലിയർപ്പിച്ചു.

17 രാവിലെ, താമരശ്ശേരി മാതാടവറിൽ സി.ഒ.ഡി.യുടെ തയ്യൽ കേന്ദ്രത്തിന്റെ പുതിയ സെന്റർ വെഞ്ചരിച്ച് ഉദ്ഘാടനം നടത്തി.

18 രാവിലെ, മൈലെള്ളാംപാറ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

19 ഉച്ചകഴിഞ്ഞ്, പൊയിലോംചാൽ ഇടവകയിൽ ബഹു. ജോർജ് കറുകമാലിയച്ചന്റെ പിതാവ് പരേതനായ വർക്കി കറുകമാലിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

വൈകുന്നേരം, കണ്ണോത്ത് ഇടവകയിൽ ബഹു. ജോസഫ് തുരുത്തിയിലച്ചന്റെ മാതാവ് പരേതയായ റോസമ്മ തോമസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

20 രാവിലെ, താമരശ്ശേരി വെഴുപ്പൂരിൽ ആരാധന സന്യാസിനി സമൂഹത്തിന്റെ പുതിയ ഭവനത്തിന് തറക്കല്ലിട്ടു.

രാവിലെ, പുതുപ്പാടി ഇടവകയിൽ ഫിലിപ്പ്നേരി സന്യാസിനി സമൂഹത്തിലെ അർത്ഥിനികളുടെ പ്രഥമവ്രത വാഗ്ദാനത്തിനും നിത്യവ്രത വാഗ്ദാനത്തിനും കാർമ്മികത്വം വഹിച്ചു.

21 വൈകുന്നേരം, കൂടരഞ്ഞി ഇടവകയിൽ പരേതയായ സിസ്റ്റർ എസ്തേർ സി.എം.സി.യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

22 രാവിലെ, ഈരൂട് ഇടവക ദൈവാലയത്തിൽ പരേതനായ ബഹു. ജേക്കബ്

പുത്തൻപുരയിലച്ചന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

രാവിലെ, പുല്ലൂരാംപാറ ഇടവകയിൽ ഇടവകാംഗങ്ങൾ നിർമ്മിച്ചു നല്കിയ രണ്ട് ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം നടത്തി.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ ബഹു. പയസ് നെല്ലിയാനിയച്ചന്റെ യാത്രയയപ്പ് യോഗത്തിൽ സംബന്ധിച്ചു.

23 രാവിലെ, കോടഞ്ചേരി ഇടവക ദൈവാലയത്തിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

നരിനട ഇടവകയിൽ പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടം വെഞ്ചരിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

വൈകിട്ട്, കുന്ദമംഗലം ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡയറക്ടർ ബഹു. ഫാ. തോമസ് പുതിയാപറമ്പിലിന് നൽകിയ യാത്രയയപ്പ് യോഗത്തിൽ സംബന്ധിച്ചു.

24 രാവിലെ, വെണ്ടേക്കുംപൊയിൽ ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും നവീകരിച്ച സിമിത്തേരിയുടെ വെഞ്ചരിപ്പു കർമ്മം നടത്തുകയും ചെയ്തു.

വൈകുന്നേരം, ഈരൂട് വിയാനി പ്രീസ്റ്റ് ഹോമിൽ സ്ഥലം മാറിപ്പോകുന്ന ഡയറക്ടർ ബഹു. ഫാ. ജോർജ് കളത്തൂരിന്റെ യാത്രയയപ്പ് യോഗത്തിൽ സംബന്ധിച്ചു.

25 രാവിലെ, ബത്തേരിയിൽ വന്യമൃഗ ആക്രമണങ്ങൾക്കെതിരെ നടപടി എടുക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ട് കാർഷിക സംഘടനകളുടെ നേതൃത്വത്തിൽ നടത്തിയ ഉപവാസ സമരം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

ഉച്ചക്ക്, കോഴിക്കോട് പി.എം.ഒ.സി.യിൽ സ്ഥലം മാറിപ്പോകുന്ന വൈദികരുടെ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, ഈസ്റ്റ് ഹിൽ ഇടവക ദൈവാലയത്തിൽ നവീകരിച്ച മദ്ബഹ പുനർകൂദാശ കർമ്മം നടത്തി.

വൈകുന്നേരം, രൂപതാഭവനിൽ സ്ഥലം മാറിപ്പോകുന്ന വൈദികരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

26 രാവിലെ, അടയ്ക്കാകുണ്ട് ഇടവകയിൽ പുതിയ ബലിപീഠം കൂദാശ ചെയ്തു.


29 രാവിലെ, അൽഫോൻസ ഭവനിൽ അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് ആശംസകൾ നേർന്നു.

രാവിലെ, തിരുവമ്പാടി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ്, സീറോ മലബാർ സഭയുടെ അത്മായ കമ്മീഷൻ അംഗങ്ങളുടെ വെബ് കോൺഫറൻസിൽ സംബന്ധിച്ചു.

30 രാവിലെ, താമരശ്ശേരി രൂപതാഭവനിൽ നടന്ന ഫൊറോന വൈദികരുടെ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

താമരശ്ശേരിയിൽ കർഷകവിരുദ്ധ നയങ്ങൾക്കെതിരെ കർഷക സംഘടനകൾ നടത്തിയ പ്രതിഷേധപരിപാടികളിൽ പങ്കെടുക്കുകയം ഫോറസ്റ്റ് ഓഫീസ് അധികൃതർക്ക് നിവേദനം സമർപ്പിക്കുകയും ചെയ്തു.





# POPE FRANCIS' DYNAMIC VISION OF PRIESTHOOD



I. Anchor Your Priesthood in Your Relationship with Christ.

II. As a Merciful Shepherd, Be Close to Your People.

III. Seek to Live a Modest Life-style; Be Available.

IV. Admit One's Limitations; Become a Model of Integrity.

V. Exude Joy in Ministry; Receive and Give Affection.

VI. Be Committed to Quality Preaching.

VII. Carefully Monitor any "Clerical Position or Power" You Possess.

VIII. Capitalize on the "Popular Piety" of the Faithful.

IX. Be Genuinely Sensitive to Those on the "Fringes" and "Margins."

X. In Everything, Be a Genuine "Missionary Disciple."